LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2017 ജൂൺ വാല്യം 2 ലക്കം 6





Fundamental Knowledge of True Theology - Chapter : 24








# ക്രിസ്തുശാസ്ത്രം

## ഭാഗം 2

# CHRISTOLOGY

## PART 2





-Devasia Mullakara Sir




“സമാധാനം പ്രവചിക്കുന്ന പ്രവാചകനോ, അവന്റെ വചനം നിവൃത്തിയാകുമ്പോൾ, അവൻ സത്യമായി യഹോവ അയച്ച പ്രവാചകനെന്ന് തെളിയും” എന്ന് യിരമ്യാ പ്രവാചകൻ 28:9-ൽ പറയുന്നു. ഒരു പ്രവചനം ദൈവത്തിൽ നിന്നുള്ളതാണെങ്കിൽ അത് സംഭവിക്കും. അത് സംഭവിക്കുന്നില്ലെങ്കിൽ ആ പ്രവാചകന്റെ ബുദ്ധിയുടെ മണ്ഡലത്തിൽനിന്നൊ പിശാചിന്റെ മണ്ഡലത്തിൽനിന്നൊ ആണെന്ന് കരുതാം. “നിന്റെ ദൈവമായ യഹോവ നിനക്ക് എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്ന് എഴുന്നേൽപ്പിച്ചു തരും, അവന്റെ വചനം നിങ്ങൾ കേൾക്കണം.'' ആവ.18:15-ൽ യേശുക്രിസ്തുവിനെക്കുറിച്ച് പ്രവചിച്ച മോശെ ഇങ്ങനെയും പറയുന്നു. ''ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കുകയും ഒത്തുവരികയും ചെയ്യാതിരുന്നാൽ അത് യഹോവ അരുളിച്ചെയ്തതല്ല; പ്രവാചകൻ അത് സ്വയംകൃതമായി സംസാരിച്ചതത്രെ, അവനെ പേടിക്കരുത്” (ആവ.18:22).

ദൈവാത്മാവ്, ദൈവവചനം ശരിക്കും വ്യാഖ്യാനിച്ച് നമ്മെ കേൾപ്പിക്കുന്നതിൽ ജാഗ്രത കാണിക്കുന്നു. ദൈവവചനത്തിന്റെ ഉള്ളിലിരിക്കുന്ന നിഗൂഢാർത്ഥങ്ങൾ ഗ്രഹിക്കുവാനുള്ള കഴിവ് പ്രവാചകനുണ്ടാക്കിക്കൊടുക്കുന്നത് ദൈവാത്മാവാണ്. ആ പ്രവചനവരമുപയോഗിക്കുന്ന വ്യക്തി പുണ്യപൂർണ്ണതയിലല്ലെങ്കിൽ, സാഹചര്യങ്ങളുടെയും പ്രതികാരതാല്പര്യങ്ങളുടെയും, സ്വന്തം പ്രസ്ഥാനത്തെ കെട്ടിപ്പടുത്തേ മതിയാകൂ എന്ന വാശിവൈരാഗ്യങ്ങളുടെയും, ഇടയിൽ കിടന്ന് മണലുകൊണ്ട് കയർ പിരിച്ച് കഴിയുകയാണെങ്കിൽ, സാത്താനും അയാളുടെ സ്വാർത്ഥതയുംകൂടി, അയാളുടെ ദൈവീകമല്ലാത്ത ലക്ഷ്യങ്ങളെ ഉപയോഗിച്ച്, അയാളെ തകർത്തുകളയും. അയാളുടെ ഭാര്യയും ബന്ധുക്കളും ക്യാൻസർ വന്നോ വലിയ ആപത്തനർത്ഥങ്ങൾ വന്നോ പ്രയാസപ്പെട്ടെന്നിരിക്കും. അങ്ങനെ വന്നാൽ അയാൾക്കുള്ള ‘ബാലശിക്ഷയായി’ അയാൾ കരുതുകയും മാനസാന്തരത്തിലേക്ക് തിരിച്ചുവരുകയും വേണം.


കുടുംബപ്രശ്നങ്ങൾ തീർക്കാൻ ചെന്ന പ്രവാചകൻ, കുടുംബനാഥന് പരസ്ത്രീഗമന പാപമുണ്ടെന്ന്, ഭാര്യയെ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചപ്പോൾ, ആ ഭർത്താവിന്റെ കാമുകിയെ സംബന്ധിച്ചുള്ള, രഹസ്യവും പരസ്യവുമായി ചില അടയാളങ്ങളുംകൂടി കൊടുത്തപ്പോൾ, പാവം ഭാര്യാപദത്തിലുള്ള വ്യക്തി കൈനിറയെ, സ്തോത്രക്കാഴ്ച കൊടുക്കുകയും, യാതൊരുവിധ അനുരഞ്ജനശ്രമത്തിനും മുതിരാതെ, ഡൈവോഴ്സ് വാങ്ങിച്ച്, ഭർത്താവിൽനിന്ന് ഒരു നല്ല സംഖ്യ കോടതി വഴി വാങ്ങിയെടുക്കുകയും ചെയ്ത് പുനർവിവാഹം കഴിച്ച നാളിൽ, അതേ വ്യാജപ്രവാചൻ ആ ഭർത്താവിന്, കൗൺസിലിംഗ് നൽകിയപ്പോൾ ഭാര്യയുടെ വ്യാജപ്രേമത്തെക്കുറിച്ച് അയാളെ ധരിപ്പിച്ച് ആ കുടുംബത്തിലിപ്പോൾ വീണ്ടും പ്രശ്നമായിരിക്കുകയാണ്.

അതേ വ്യാജപ്രവാചകൻ ഒരു ഭാര്യക്ക് അവളുടെ അടിപൊളിജീവിതകാലത്തിലെ കുത്തഴിഞ്ഞ ജീവിതത്തെക്കുറിച്ച് അടയാളസഹിതം പറഞ്ഞ്, ആ വിവരം ഭർത്താവിനെ അറിയിക്കാതിരിക്കാൻ മാസംതോറും വലിയ സംഖ്യ ലെവിപോലെ വാങ്ങിക്കൊണ്ടിരിക്കുന്നതുകൂടാതെ, അവളുടെ ഭർത്താവിന്റെ ജീവിതത്തിലെ വിശുദ്ധിക്കുറവിനെപ്പറ്റി അടയാളസഹിതം പറഞ്ഞ്കേൾപ്പിച്ച് - നല്ല ഒരു ബിസിനസ്കാരനായ അദ്ദേഹത്തിൽനിന്നും പ്രതിമാസം

(ശേഷം 4-ാം പേജിൽ)

## Contents

**എഡിറ്റോറിയൽ** ..........................................2,4
**ക്രിസ്തുശാസ്ത്രം**...................................3,6-15
**ആരാധനാ കേന്ദ്രങ്ങളും**
**ശുശ്രൂഷകരും**........................................ 16-21
**ക്രിസ്തുശാസ്ത്രം** ...............................22-33
**സാക്ഷ്യങ്ങൾ**...............7,10,11,13,15,22,25,27,30
**വാർത്തകൾ** ............................................34
**പ്രോഗ്രാം കലണ്ടർ** .................................. 35




## ക്രിസ്തുശാസ്ത്രം രണ്ടാം ഭാഗത്തിന് ആമുഖം

തത്വചിന്തയുമായി യാതൊരു ബന്ധവുമില്ല 'ദൈവശാസ്ത്രം' എന്ന പദത്തിന്. ഒരു സംഗതിയെ 'തിയോളജിക്കൽ' (ദൈവശാസ്ത്രപരം) ആയി കണ്ടെത്തിപറയുമ്പോൾ അത്, പ്ലേറ്റോയും അരിസ്റ്റോട്ടിലും, ഒക്കെ ചിന്തിച്ചതുപോലെയാണെന്നും സെന്റ് അഗസ്റ്റിനൊക്കെ പറഞ്ഞതുപോലെ തലതിരിഞ്ഞ വ്യവസ്ഥകളാണെന്നും വിചാരിക്കുന്നവരും ഉണ്ടാകാം. അതും ശരിയല്ല. കരിസ്മാറ്റിക്ശൈലിയിൽനിന്നും, കൃപാവരലബ്ധിയിലൂടെയും, ദൈവത്തെ ആരാധിക്കുന്ന വിധത്തിലും, ഉജ്ജ്വലവാഗ്മിത്തത്തോടെ പ്രസംഗിച്ചും പ്രാർത്ഥിച്ചും സംമ്പാദിക്കുന്ന ആത്മീയനേട്ടങ്ങളെയുമൊക്കെ കടപുഴക്കി വീഴിക്കുവാൻ കൃപാവരയോഗ്യതകളില്ലാത്ത വെറും പണ്ഡിതമ്മന്യന്മാർ പാണ്ഡിത്യകസർത്തുകൾ നടത്തുന്നതാണ് ദൈവശാസ്ത്രം എന്നും തെറ്റദ്ധരിച്ചവരും നിരവധിയുണ്ട്.

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
സ്റ്റിൽസ്: പ്രിൻസ് ജോസ്,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ

ബൈബിളിലും സഭാചരിത്രങ്ങളിലും അവിടവിടെയായി ചിതറിക്കിടക്കുന്ന ദൈവത്തെപ്പറ്റിയുള്ള വചനങ്ങളെ പഠനവിഷയകമായി ക്രോഡീകരിച്ചെഴുതുന്ന (വായിച്ചുപഠിക്കാൻ തയ്യാറാക്കുന്ന) ആഴമേറിയ പരിശുദ്ധാത്മ ചിന്തകളാണ് ദൈവശാസ്ത്രം. ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹപൂർണ്ണമായ ഇടപാടുകളെയും, മനുഷ്യന്റെ ദൈവത്തോടുള്ള ബന്ധത്തിൽവന്ന കുറ്റങ്ങളെയും സൂക്ഷ്മമായി പഠിച്ച്, ദൈവജനത്തിന് തെറ്റുപറ്റാതിരിക്കാൻ, താത്വികചിന്തയോടെ അവതരിപ്പിക്കുന്ന സത്യങ്ങൾ തന്നെയാണ്, ദൈവശാസ്ത്രം. ദൈവശാസ്ത്രപഠനമില്ലാത്ത സഭാശുശ്രൂഷകന്മാർക്കും ദൈവജനമെന്ന ശാഖയിൽ പെടുന്നവർക്കും, രണ്ടുപക്ഷത്തിന്റെയും ഇടയ്ക്ക് നിൽക്കുന്ന മൂപ്പന്മാർക്കും മൂപ്പത്തിമാർക്കും ഏതാണ് ദുരുപദേശങ്ങളെന്നും ഏതാണ് ശരിയായ ഉപദേശങ്ങളെന്നും ചിലപ്പോൾ പെട്ടെന്ന് മനസ്സിലായില്ലെന്നിരിക്കും. കാരണം, അവരിൽ പലരുടെയും ലക്ഷ്യങ്ങൾ, തങ്ങൽക്ക് ഈ ദൈവത്തെപ്പറ്റി വളരെ കൂടുതൽ അറിയാം എന്നും അറിഞ്ഞതൊക്കെ കൂടുതൽ കൂടുതലായി മറ്റുള്ളവരെ അറിയിക്കണമെന്നും ആണ്. ദുരുപദേശങ്ങൾ സ്വീകരിച്ച് സ്വീകരിച്ച് ബൈബിൾ വേണ്ടത്ര പ്രാർത്ഥനയോടെയല്ലാതെ പഠിച്ചവർക്ക്, തെറ്റുകൾ പറ്റിയിട്ടുണ്ട്. ആ ദുരുപദേശങ്ങളിലൊന്നാണ് വിശ്വാത്മവാദം: അശരീരിയായ ദൈവത്തെയും അശരീരിയായ സാത്താനെയും കൂടാതെ നിരവധിയായ ആത്മാക്കളുണ്ടെന്ന് കരുതുന്നതാണ് വിശ്വാത്മവാദം. മറ്റൊന്ന് പ്രകൃതിവിഗ്രഹാരാധനാവാദം: പ്രകൃതിയിൽ കാണുന്ന വസ്തുക്കളിലും ഫലമൂലാദികളിലും ആത്മാക്കൾ വസിക്കുന്നുണ്ടെന്നുള്ള പിശകുപിടിച്ച ചിന്തയാണ് അത്. മറ്റൊന്നാണ്, സാങ്കൽപ്പികമൂർത്തികൾ ഉണ്ടെന്ന് വിശ്വസിക്കുകയും അവ വ്യക്തികളിലും വസ്തുക്കളിലും കേന്ദ്രീകരിക്കുകയും മറ്റും ചെയ്യും എന്ന ധാരണ പരത്തി വിഗ്രഹാരാധന ചെയ്തേ പറ്റൂ എന്ന ആശയം. ശിലാരാധനയും, വൃക്ഷാരാധനയും, അഗ്നിയാരാധനയും,




(2-ാം പേജിൽ നിന്നും തുടർച്ച)

ഭീമമായ സംഖ്യ മേടിച്ച് അങ്ങനെ പലരോടായി വാങ്ങിയ സമ്പത്തുകൊണ്ട് ഇപ്പോൾ സഭാ മന്ദിരവും അതുപോലെ സ്വന്തം വലയിൽ വന്നുവീഴുന്നവരെ സഭാപാസ്റ്റർമാരായി ഉയർത്തി ദൈവരാജ്യത്തുനിന്നും ബഹുദൂരം മാറ്റി സഞ്ചരിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. നാടെങ്ങും വലവീശി പിരിക്കുന്ന ഇത്തരം സംഖ്യകൾ ചെറുകിടകച്ചവടക്കാർക്ക് വെറുതെയും പലിശയ്ക്കും കൊടുത്ത് അവരെ വീടാന്തരം പറഞ്ഞ്വിട്ട്, ആളെപിടിച്ച് സഭാഹാൾ നിറയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, പ്രവാചകനിലൂടെ ഇത്തരം ഇരകളോട് ഇങ്ങനെ പറയുകയാണ്. ''നിങ്ങളോട് പ്രവചിക്കുന്ന പ്രവാചകന്മാരുടെ വാക്ക് കേൾക്കരുത്, അവർ നിങ്ങളെ വ്യാജം ഉപദേശിക്കുന്നു. **യഹോവയുടെ വാക്കിൽ** നിന്നുള്ളതല്ല സ്വന്തഹൃദയത്തിലെ ദർശനമത്രേ അവർ പ്രവചിക്കുന്നത്''(യിര.23:15,16). യിരമ്യാവ് വീണ്ടും വ്യാജപ്രവാചകന്മാരെക്കുറിച്ച് തന്റെ തൂലിക പടവാളാക്കിക്കൊണ്ട് എഴുതുന്നു ''യിസ്രയേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളുടെയിടയിലുള്ള നിങ്ങളുടെ പ്രവാചകന്മാരും പ്രശ്നക്കാരും നിങ്ങളെ ചതിക്കരുത്. നിങ്ങൾ കാണുന്ന സ്വപ്നങ്ങളെ കൂട്ടാക്കുകയുമരുത്. അവർ എന്റെ നാമത്തിൽ നിങ്ങളോട് ഭോഷ്ക്ക് പ്രവചിക്കുന്നു. ഞാനവരെ അയച്ചിട്ടില്ലെന്ന് യഹോവയുടെ അരുളപ്പാട്'' (യിര.29:8,9). യിരമ്യാവിന് എത്ര പറഞ്ഞിട്ടും മതിവരാത്തതിന്റെ കാര്യം ഈ വ്യാജപ്രവചനം നടത്തുന്നവർമൂലം അവർ മാത്രമല്ല, അവരുടെ തന്ത്രങ്ങളിൽ കുടുങ്ങുന്നവർ പോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു, അതാണ് കാരണം: ''പ്രവാചകനും പുരോഹിതനും ഒരുപോലെ വഷളന്മാരായിരിക്കുന്നു. എന്റെ ആലയത്തിലും ഞാൻ അവരുടെ ദുഷ്ടത കണ്ടിരിക്കുന്നു എന്ന് യഹോവയുടെ അരുളപ്പാട്. യെരുശലേമിലെ പ്രവാചകന്മാരിലൊ ഞാൻ അതിഭയങ്കരമായുള്ളത് കണ്ടിരിക്കുന്നു. അവർ വ്യഭിചാരം ചെയ്ത വ്യാജത്തിൽ നടക്കുന്നു. ആരും തന്റെ ദുഷ്ടത വിട്ട് തിരിയാതെവണ്ണം അവർ ദുഷ്ടപ്രവൃത്തിക്കാരെ ധൈര്യപ്പെടുത്തുന്നു. അവരെല്ലാവരും എനിക്ക് സോദോം പോലെയും അതിലെ നിവാസികൾ ഗൊമോറ പോലെയും ഇരിക്കുന്നു" (യിര.23:11-14).

യെഹസ്ക്കേൽ പറയുന്നത് കേൾക്കണ്ടെ. "സംഘംകൂടി വരുന്നതുപോലെ അവർ നിന്റെയടുക്കൽ വന്നു. എന്റെ ജനമായിട്ട് നിന്റെ മുമ്പിലിരുന്നു. നിന്റെ വചനങ്ങളെ കേൾക്കുന്നു; എന്നാൽ അവർ അവയെ ചെയ്യുന്നില്ല. വായ്കൊണ്ട് അവർ വളരെ സ്നേഹം കാണിക്കുന്നു. ഹൃദയമൊ ദുരാഗ്രഹത്തെ പിന്തുടരുന്നു. നീ അവർക്ക് മധുരസ്വരവും വാദ്യനൈപുണ്യവും ഉള്ള ഒരുത്തന്റെ പ്രേമഗീതംപോലെയിരിക്കുന്നു. അവർ നിന്റെ വചനങ്ങളെ കേൾക്കുന്നു; ചെയ്യുന്നില്ല താനും" (യെഹ.33:31).

ജനങ്ങൾക്ക് പ്രവചനം കേൾക്കണമെന്നേയുള്ളു. അത് പരിശുദ്ധാത്മാവ് നൽകണമെന്ന് നിർബന്ധമൊന്നുമില്ല. എന്നാൽ ഈ കള്ളപ്രവാചകന്മാർ ജനത്തെ വഴിതെറ്റിക്കുകയാണ്.

ദൈവവചനം മാത്രമെ സമ്പൂർണ്ണമായിട്ടുള്ളു. ദൈവവചനത്തിൽ ആഴപ്പെട്ടവനും ജീവിതം ആ വചനമനുസരിച്ച് അതിവിശുദ്ധിയോടും വിശ്വാസത്തോടുംകൂടി പുലർത്തുന്നവനും ദൈവനാമമഹത്വത്തിനായി പറയുന്നവയൊക്കെ സംഭവിക്കുകതന്നെ ചെയ്യും. അതൊക്കെ പ്രവചനമെന്നല്ല പറയേണ്ടത്, പ്രാർത്ഥനയെന്നാണ്. ദൈവവചനത്തിൽ ആഴപ്പെടാത്തവന് ദർശനങ്ങൾ മായാദർശനങ്ങളായി മാറിപ്പോകും, കള്ളപ്രവാചകന്മാർ 1. ആടുകളുടെ വേഷം പൂണ്ട് വരും (മത്താ.7:15). 2. ഭിന്നത ഉണ്ടാക്കും (റോമ.16:17). 3. അനേകരെ തെറ്റിക്കും (മത്താ.24:11). 4. ഇടർച്ചകളുണ്ടാക്കുന്നു (റോമ.16:17). 5. വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും (മത്താ.24:24. മർക്കോ.13:22). 6. കർത്തൃസേവയായിരിക്കില്ല ലക്ഷ്യം, ഉദരപൂരണമാണ് (റോമ.16:18, ഫിലി.3:19). 7. ജനം ഇവരെ വാനോളം പുകഴ്ത്തി പറയും (ലൂക്കോ.6:26). 8. ചക്കരവാക്കും മുഖസ്തുതിയും പറയുന്നു (റോമ.16:18). 9. ഇവർ ലോകത്തിലെല്ലാമുള്ളതിനാൽ ഇവരെ ശോധന ചെയ്യേണം (1 യോഹ.4:1). 10. ഇവരുടെ അവസാനം നാശം (ഫിലി. 3:18).അനേകരുടെ പ്രവചനങ്ങൾ ഫലിക്കാത്തതിന്റെ കാരണം പറയാം. പൂർണ്ണമായത് ഉദിക്കുമ്പോൾ അപൂർണ്ണമായത് നിന്നുപോയതുകൊണ്ടല്ല (1 കൊരി.13:8). (പൂർണ്ണമായത് ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തിൽ നാം ക്രിസ്തുവിനോടുകൂടെ ഒന്നാകുന്നതും നിത്യതയിൽ ചേർക്കപ്പെടുന്നതും ആണ്). ഭോഷ്ക്കിന്റെ ആത്മാവിൽ പ്രവചിക്കുന്നതുകൊണ്ടും ആണ്. ദൈവത്തിന് തന്റെ വാഗ്ദത്തം നിവർത്തിക്കാൻ മനുഷ്യരുടെ ഭാഗത്തുനിന്നുള്ള ഒരു സഹായവും ആവശ്യമില്ലാത്തതുകൊണ്ട്, ദൈവത്തിന് ഭോഷ്ക്ക് പറയാൻ കഴിയാത്തതുകൊണ്ട് (എബ്രാ.6:18) ദൈവം വാഗ്ദത്തം പാലിക്കുവാൻ തന്നിൽത്തന്നെ ശക്തനായതുകൊണ്ട് (റോമ.4:21, 2 കൊരി.1:20) നിങ്ങളുടെ ദർശനങ്ങളുടെയും പ്രവചനങ്ങളുടെയും പൊള്ളത്തരങ്ങൾ ദൈവത്തിന്റെ തലയിൽ കെട്ടിവയ്ക്കാമെന്ന് കരുതണ്ട. നിങ്ങളുടെ പ്രവചനം തെറ്റിയാൽ അതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കുതന്നെയാണ്.




(3-ാം പേജിൽ നിന്നും തുടർച്ച)


മൃഗാരാധനയും, മൃതാരാധനയും എല്ലാം, ബൈബിൾ നന്നായി പഠിക്കാതെ, അഥവാ, വല്ലതുമൊക്കെ പഠിക്കുന്നവർ അഥവാ തിയോളജിക്കൽ സ്റ്റഡി ഇല്ലാത്തവർ ചെയ്യുകതന്നെ ചെയ്തേക്കാം. ബഹുദൈവവാദം, സർവ്വദേവതാവാദം, ഭൗതികവാദം (Meterialism), നിരിശ്വരവാദം (Atheism), വെറും ഏകദൈവവാദം എന്നിങ്ങനെ ആദിമസഭാരൂപീകരണകാലത്ത് നിരവധിയായ ദുരുപദേശങ്ങളുണ്ടായിരുന്നു. 'തിയോളജിക്കൽ ബൈബിൾ സ്റ്റഡി' ഉണ്ടെങ്കിൽ അവയുടെ ഒന്നിന്റെയും സ്വാധീനം ഭക്തന്റെയുള്ളിൽ ഉണ്ടാവുകയില്ല.

ഈ അന്ത്യകാലഘട്ടത്തിലും പലതരം ദുരുപദേശങ്ങൾ ബൈബിൾ കൺവെൻഷനുകൾ വഴിയും, ടിവിചാനലുകൾ വഴിയുമൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ജനത്തിന്റെ ബൈബിൾ പഠനത്തിന്റെ കുറവാണ്, അതിനൊക്കെ കാരണം. യാതൊരു, യഥാർത്ഥ മാനസാന്തരവും ഇല്ലാത്തവരാണ് നമ്മുടെ പൗരോഹിത്യ മതങ്ങളിലെ ഭൂരിപക്ഷം പേരും. അവർ നേരിട്ടല്ലല്ലോ ത്രീയേകദൈവത്തെ ദൈവമെന്ന് വിളിച്ചാരാധിക്കുന്നത്. മറിയവിഗ്രഹം വഴിയോ, ജോസഫ് വിഗ്രഹം വഴിയോ ഒക്കെയാണ്. കുർബ്ബാനയപ്പം വഴിയൊ പട്ടക്കാരൻ വഴിയോ ഒക്കെയാണ്. അവർക്കാണെങ്കിൽ യഥാർത്ഥ പാപമോചനമൊ പരിശുദ്ധാത്മാവിനെയോ കിട്ടുന്നുമില്ല.

ഇനി മറ്റൊരുകൂട്ടർ ക്രിസ്തുവിനെപ്പറ്റി വേണ്ടത്ര അറിവ് സമ്പാദിക്കാതെ പഴയ നിയമസംഭവങ്ങളിൽമാത്രം പെട്ട് കിടക്കുന്നവരാണ്. അവർ കൂടെക്കൂടെ ധ്യാനിക്കുന്ന സംഭവവും പ്രസംഗിക്കുന്ന സംഗതിയും പഴയനിയമ സംഭവങ്ങളൊ വചനങ്ങളൊ എടുത്ത് നമ്മുടെ അനുദിനജീവിതത്തിലെ സാഹചര്യങ്ങളോട് കൂട്ടിച്ചേർത്ത് പറഞ്ഞ് വ്യാഖ്യാനിക്കുന്നു. ജനം ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞും മറിഞ്ഞും ഓരോ വിശ്വാസത്തിന്റെ വചനങ്ങൾ മറ്റുള്ളവരോട് പറയുന്നു. ആമേൻ ആമേൻ എന്ന് ഇടയ്ക്കിടെ വിളിച്ചുപറയുന്നു. നല്ല കയ്യടികൾ കൊടുക്കുന്നു. അത്രമാത്രം. ഇനി മറ്റൊരുകൂട്ടർ.

അവർ അനുഗ്രഹത്തിന്റെയും അത്ഭുതത്തിന്റെയും പ്രസംഗങ്ങൾ മാത്രം. അനുതാപത്തിന്റെയൊ മാനസാന്തരത്തിന്റെയൊ വീണ്ടും ജനനത്തിന്റെയൊ പരിശുദ്ധാത്മ സ്നാനത്തിന്റെയൊ, വെള്ളത്തിൽ മുങ്ങി സ്നാനമെടുക്കേണ്ടതിന്റെ പ്രസക്തിയെപ്പറ്റിയൊ ഒന്നും ഉരിയാടുകയില്ല. പാപമോചനം അത്യാവശ്യമാണെന്ന് ഇക്കൂട്ടർ പറയുകയേയില്ല. അനുഗ്രഹപ്രഭാഷണത്താൽ ദൈനംദിന ജീവിതത്തിൽ പലർക്കും പല അനുഭവങ്ങളും ഉണ്ടാകാതെയിരിക്കുന്നില്ല. എന്നാൽ ആർക്കും യഥാർത്ഥമായ മാനസാന്തരവും പാപത്തിൽനിന്നും പിശാചിൽനിന്നും വിടുതലും ലഭിക്കുന്നില്ലാത്തതുകൊണ്ട് വിശുദ്ധിയിലേക്ക് വരുവാൻ കഴിയുന്നതേയില്ല. നമ്മുടെ യേശു ഒരു "സൂപ്പർനാചറൽ ഗോഡ്" ആണ് എന്നും അവൻ ഇപ്പോൾ നിങ്ങളുടെ എല്ലാ ജീവിതപ്രവർത്തനങ്ങളും ദു:ഖങ്ങളും അടിതൊട്ട് മുടിവരെ മാറ്റിമറിക്കുമെന്നും പറയും. ഇതെല്ലാം ശരിയുമാണ്. പക്ഷെ പാപം ചെയ്യാതെ ജീവിക്കുവാൻ ശ്രമിക്കുവാൻ കഴിയുന്നില്ല അവർക്ക്. പുതുജനനം പ്രാപിക്കുവാനും കഴിയുന്നില്ല അവർക്ക്. പരിശുദ്ധാത്മസ്നാനം പ്രാപിക്കുവാനും കഴിയുന്നില്ല. ജാതികളിൽനിന്നും ചെറിയൊരു വ്യത്യാസം ഉണ്ടെന്ന് മാത്രം. ടൊറൊന്റോബ്ലസ്സിംഗുകാരും, കൈവെച്ച് വീഴ്ത്തലുകാരും, പ്രോസ്പിരിറ്റിതിയോളജിക്കാരും ആ പ്രവൃത്തികൾ ചെയ്യുന്നത് ജനത്തെക്കിട്ടാനും വൻസംഖ്യകൾ കിട്ടാനും മാത്രമാണ്. അവരതിന് സ്നാനം പ്രസംഗിക്കാതെ യും സഭയെ പ്രസിദ്ധീകരിക്കാതെയും പരിശുദ്ധാത്മ സ്നാനത്തെ ഉയർത്താതെയും ഇരുട്ടുകൊണ്ടോട്ടയടച്ച് നീങ്ങുന്നു. ബൈബിളനുസരിച്ച് ഇവർക്കാർക്കും നിത്യത ലഭിക്കാതെ പോകുന്നു.

ഈ സാഹചര്യത്തിലാണ് ചർച്ച് ഓഫ് ഇറ്റേണിറ്റി പ്രതിമാസം ആത്മാഭിഷേകം മാസികയിൽ തിയോളജിക്കൽ ചിന്തയുമായി ഉറച്ചുനിൽക്കുന്നത്. പാപശാസ്ത്രവും പരിശുദ്ധാത്മശാസ്ത്രവും ദൈവശാസ്ത്രവും, സഭാശാസ്ത്രവും, ക്രിസ്ത്യൻന്യായവാദശാസ്ത്രവും, ഇവകളിൽ പെട്ട മാനസാന്തരം, വീണ്ടുംജനനം, വിശ്വാസം, രക്ഷ തുടങ്ങിയ വിഷയങ്ങളും സവിസ്തരം പ്രതിപാദിച്ച് കഴിഞ്ഞ് ക്രിസ്തുശാസ്ത്രത്തിന്റെ രണ്ടാംഭാഗത്തേയ്ക്കിവിടെ കയറുകയാണ്. ഇവയെല്ലാം വായിക്കുകയും പഠിക്കുകയും അതനുസരിച്ച് ആരാധനാജീവിതവും സ്നേഹത്തിലധിഷ്ഠിതമായ പ്രാർത്ഥനാജീവിതവും നയിക്കുന്നവർക്ക് നിത്യത ഉറപ്പാണ്. അവരെ ദുരുപദേശങ്ങളിൽ കുടുക്കുവാൻ




സാത്താനും കഴിയുകയില്ല. കാരണം ഇവ അനുഷ്ഠിക്കുന്നവർ പാറമേലത്രേ ഭവനം പണിഞ്ഞത്. "ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു. വന്മഴചൊരിഞ്ഞു, നദികൾ പൊങ്ങി, കാറ്റടിച്ചു, ആ വീട്ടിൻമേൽ അലച്ചു, അത് പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല" (മത്താ.7:25).

കഴിഞ്ഞ ചാപ്റ്ററിൽ നാം ചർച്ച ചെയ്തത് ക്രിസ്തുവിന്റെ ജഡാവതാരത്തിന്റെ ലക്ഷ്യങ്ങൾ, ക്രിസ്തുവിന്റെ ദൈവത്വം, ക്രിസ്തുവിന്റെ പൂർവ്വകാല നിത്യത്വം, കന്യകാജനനം, മരണത്തിന്റെയും ഉയിർപ്പിന്റെയും ആദ്യചിന്തകൾ മുതലായ വിഷയങ്ങളാണ്.

**യേശുക്രിസ്തുവിന്റെ അത്ഭുതങ്ങൾ**

യേശുവിന്റെ പരസ്യജീവിതത്തിന്റെ തുടക്കം: നസ്രത്തിലെ സിനഗോഗിൽ യെശയ്യാവിന്റെ പുസ്തകത്തിൽ 61-ാം അദ്ധ്യായത്തിൽ വായിക്കാൻ കിട്ടിയഭാഗം: "എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിയ്ക്കുന്നു. ഹൃദയം തകർന്നവരെ മുറിവ് കെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദു:ഖിതന്മാരെയൊക്കെയും ആശ്വസിപ്പിക്കുവാനും, സീയോനിലെ ദു:ഖിതന്മാർക്ക് വെണ്ണീറിനു പകരം അലങ്കാരമാലയും ദു:ഖത്തിന് പകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവനെന്നെ അയച്ചിരിക്കുന്നു" (യെശ.61:1,2,3). ലൂക്കോ.4-ൽ 18,19 വാക്യങ്ങളിൽ "ദരിദ്രന്മാരോട് സുവിശേഷം അറിയിക്കാനും കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേലുണ്ട്, ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ച്ചയും പ്രഖ്യാപിക്കുവാനും പീഡിതന്മാരെ വിടുവിച്ചയയ്ക്കാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കാനും എന്നെ അയച്ചിരിക്കുന്നു."

**സാക്ഷാത്ക്കാരം**

യെശയ്യാവിലെയും ലൂക്കോസിലെയും പ്രഖ്യാപനങ്ങളുടെ സാക്ഷാത്ക്കാരമാണ് യേശുവിന്റെ അത്ഭുതങ്ങൾ. യേശുവിന്റെ വരവിന് വഴിയൊരുക്കിയ യോഹന്നാന്റെ ശിഷ്യന്മാർ, വരാനിരിക്കുന്നവൻ നീ തന്നെയോ എന്ന ചോദ്യവുമായി യേശുവിനെ സമീപിച്ചു. "യേശു അവരോട്: കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു: കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു: ചെകിടർ കേൾക്കുന്നു: മരിച്ചവർ ഉയിർക്കുന്നു: ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നത് യോഹന്നാനെ ചെന്നറിയിപ്പിൻ. എന്നാൽ എങ്കൽ ഇടറിപ്പോകാത്തവനെല്ലാം ഭാഗ്യവാനെന്ന് ഉത്തരം പറഞ്ഞു".

**രക്ഷ സമാഗതമായിരിക്കുന്നു**

യേശുവിന്റെ അത്ഭുതങ്ങൾ രക്ഷ സമാഗതമായിരിക്കുന്നു എന്നതിന്റെ അടയാളങ്ങളാണ്. വരുവാനിരിക്കുന്നവൻ നീ തന്നെയോ എന്ന ചോദ്യം യോഹന്നാനെപ്പോലെയുള്ള അനേകരുടെ ചോദ്യങ്ങളാണ്. അവർ തകർച്ചകളിലും സമാധാനക്കേടിലും ഇന്നും എന്നും ആ ചോദ്യമാവർത്തിക്കുന്നു: അപ്പൊസ്തലപ്രവർത്തനങ്ങൾ 2:22-24-ൽ "യിസ്രയേൽ പുരുഷന്മാരെ, ഈ വചനം കേട്ടുകൊൾവിൻ, നിങ്ങൾതന്നെ അറിയുംപോലെ ദൈവം അവനെക്കൊണ്ട് നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് ദൈവം നിങ്ങൾക്ക് കാണിച്ചുതന്ന പുരുഷനായി നസ്രായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ട്, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചുകൊന്നു; ദൈവമോ, മരണപാശങ്ങളെ അഴിപ്പിച്ച് അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു. മരണം അവനെ പിടിച്ചുവയ്ക്കുന്നത് അസാധ്യമായിരുന്നു." യേശുവിന്




സാക്ഷ്യമായി നിൽക്കുകയാണ് അവന്റെ അതിവിശുദ്ധമായ ജീവിതം, മരണാടക്ക പുനരുത്ഥാനങ്ങൾ. അത് കഴിഞ്ഞാൽ അവൻ നടത്തിയ അത്ഭുതങ്ങൾ, അടയാളങ്ങൾ.

**നാല് വിഭാഗം അത്ഭുതങ്ങൾ**

യേശുവിന്റെ അത്ഭുതങ്ങൾ നാല് വിധത്തിലായി വേർതിരിക്കാം. 1. പ്രകൃതിയെ സംബന്ധിക്കുന്ന അത്ഭുതങ്ങൾ. 2. രോഗസൗഖ്യവുമായി ബന്ധമുള്ള അത്ഭുതങ്ങൾ. 3. ഭൂതോച്ചാടനവുമായി ബന്ധമുള്ളവ. 4. മരിച്ചവരുടെ ഉയിർപ്പ്.

**എന്തുകൊണ്ട് ചില വരങ്ങൾ ലഭിക്കുന്നില്ല**


അക്കാദമ്യപഠനത്തിന്റെ സാങ്കേതികത്വത്തിൽ കുടുങ്ങിക്കിടക്കുന്നവർക്കും, വരങ്ങളെക്കാൾ വലുത് ഫലങ്ങളാണെന്ന് പഠിപ്പിക്കുന്നവർക്കും മാനസാന്തരത്തിനും നിത്യജീവനും പ്രാധാന്യം കൊടുത്തുകൊണ്ട് പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്നവർക്കും വീര്യപ്രവൃത്തികളുടെയും അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും കാര്യത്തിൽ പലപ്പോഴും ദാരിദ്ര്യമനുഭവപ്പെടുന്നത് ഇവയുടെ പ്രാധാന്യത്തിനനുസരിച്ച് മനസ്സ് രൂപപ്പെടാതെ പോയതുകൊണ്ടും സാത്താൻ അക്കാര്യത്തിൽ മുതലെടുക്കുന്നതുകൊണ്ടുമാണ്. എന്നാൽ ഒരു യഥാർത്ഥ വിശ്വാസിയൊ അഭിഷിക്തനൊ യാതൊരു കാരണവശാലും മറക്കാൻ പാടില്ലാത്ത ഒന്നാണ്, യേശു അത്ഭുതപ്രവർത്തകനാണ് എന്നത്. മാത്രമല്ല നിങ്ങളും യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുവാൻ സുഖപ്പെടുത്തുന്ന കർത്താവിനെ അവതരിപ്പിക്കാൻ കടപ്പെട്ടവനുമാണ്. അങ്ങനെയുള്ള ചിന്തകൾ മനസ്സിൽ മൊട്ടിട്ട് വളർന്നാൽ മാത്രമേ നിങ്ങളുടെ വീട്ടിലുള്ളവർ ക്രിസ്തുവിലേക്ക് വരൂ. നിങ്ങളുടെ സഭ വളരൂ. നിങ്ങളുടെ പ്രാർത്ഥനമൂലം പല അത്ഭുതങ്ങളും അടയാളങ്ങളും വീട്ടിൽ നടക്കണം, സഭയിലും നടക്കണം.അപ്പോൾ അവർക്ക് മനസ്സിലാകും ദൈവം നിങ്ങളുടെ കൂടെയുണ്ടെന്ന്. അതോടെ

## അനുഗ്രഹദായകനായ യേശു



സുജിഷ.
പാലക്കാട്
PH: 9605286839

എന്റെ പേര് സുജിഷ. ഭർത്താവിന്റെ പേര് ഹരിദാസ്. ഞങ്ങൾ പാലക്കാട് താമസിക്കുന്നു. എന്റെ കർത്താവ് ഞങ്ങൾക്ക് എണ്ണിയാൽ തീരാത്ത അനുഗ്രഹങ്ങളാണ് ഞങ്ങളുടെ കുടുംബത്തിൽ ചെയ്തിരിക്കുന്നത്. ഞങ്ങൾക്ക് രണ്ട് ആൺകുട്ടികളാണ് ഉള്ളത്. അക്ഷയ്ദാസും, അഭയ്ദാസും. ഞങ്ങളുടെ മൂത്ത മകന് ഇപ്പോൾ ആറു വയസ്സുണ്ട്. അവന് രണ്ടര വയസ്സുമുതൽ ചെവിക്കകത്തുനിന്ന് പഴുപ്പ് വരുമായിരുന്നു. പനിയും ജലദോഷവും സ്ഥിരമായുണ്ടായിരുന്നു. ആശുപത്രികളിലൊക്കെ കാണിച്ചു. അവർ മരുന്ന് തരും. അപ്പോൾ കുറയും. വീണ്ടും വരും. ഇങ്ങനെയായി ഞങ്ങൾ മടുത്തു. അങ്ങനെയിരിക്കെ ഒരു ഡോക്ടർ പറഞ്ഞു രണ്ടു ചെവിയിലും ദ്വാരങ്ങൾ ഉണ്ട്. അത് ഓപ്പറേറ്റ് ചെയ്തു അടയ്ക്കണം. അതുകൊണ്ടാണ് പഴുപ്പ് വന്നുകൊണ്ടിരിക്കുന്നത്. ഒരു ചെവിക്ക് തന്നെ ഓപ്പറേഷൻ ചെയ്യാൻ അമ്പതിനായിരം രൂപ വേണമെന്നും രണ്ടു ചെവിയിലും ഓപ്പറേഷൻ ചെയ്യണമെന്നും പറഞ്ഞു. ഞങ്ങൾക്ക് എന്തു ചെയ്യണമെന്നറിയാതെയായി. അങ്ങനെയിരിക്കെയാണ് ഞങ്ങൾ ദേവസ്യാ മുല്ലക്കരസാറിനെക്കുറിച്ച് അറിഞ്ഞത്. സാറിന്റെ വചനശുശ്രൂഷയിൽ പങ്കെടുക്കുകയാണെങ്കിൽ പ്രാർത്ഥനയിലൂടെ ദൈവം അനുഗ്രഹഹിക്കുമെന്ന് ഞങ്ങൾ വിശ്വസിച്ചു. അങ്ങനെ ഞങ്ങൾ തൃശ്ശൂരുള്ള ബൈബിൾ ക്ലാസ്സിൽ പോകുവാനിടയായി. അവിടെവച്ച് സാർ പ്രാർത്ഥിക്കുകയും പ്രാർത്ഥനക്കുശേഷം മകന് സൗഖ്യമായി എന്നു പറയുകയും ചെയ്തു. ഞങ്ങൾ അത് വിശ്വസിക്കുകയും ശക്തനായ ദൈവത്തിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ മകന് പൂർണ്ണസൗഖ്യമാവുകയും ചെയ്തു. അതുകൂടാതെ എന്റെ ഇളയമകന് അവൻ ജനിച്ചപ്പോൾ തന്നെ ഹൃദയമിടിപ്പ് കൂടുതലായിരുന്നു. ഡോക്ടേഴ്സ് പറഞ്ഞു കുഞ്ഞിന്റെ കാര്യം ഒന്നും പറയാൻ പറ്റില്ല. നിങ്ങൾ പ്രാർത്ഥിക്കാൻ പറഞ്ഞു. ഞങ്ങൾ സാറിനോട് വിവരം പറഞ്ഞ് പ്രാർത്ഥിപ്പിക്കുകയും സ്വർഗ്ഗത്തിലെ ദൈവം ഞങ്ങളോട് മഹാകരുണ കാണിക്കുകയും ചെയ്തു. അത്ഭുതങ്ങളും അടയാളങ്ങളും തീർന്നിട്ടില്ലെന്നും അവിടുത്തെ വിളിച്ചപേക്ഷിക്കുന്നവരെ അവൻ അനുഗ്രഹിക്കുമെന്നും ഞങ്ങൾക്ക് മനസ്സിലായി. ഞങ്ങളുടെ രണ്ട് മക്കളും ആരോഗ്യത്തോടെയിരിക്കുന്നു. പ്രാർത്ഥിച്ച സാറിനോട് നന്ദി പറയുന്നു. അനുഗ്രഹിച്ച കർത്താവിന് ഒരായിരം സ്തുതികളർപ്പിക്കുന്നു.



# Fundamental Knowledge of True Theology - Chapter : 24

# ക്രിസ്തുശാസ്ത്രം ഭാഗം 2

## Christology Part-2

നിങ്ങൾ പറയുന്ന വചനം കേട്ട് അനുസരിക്കുവാൻ പരിശുദ്ധാത്മാവ് കുടുംബാംഗങ്ങളെയും സഭാംഗങ്ങളെയും ഒരുക്കുക തന്നെ ചെയ്യും.

Dunamis (ഡുനാമിസ്) എന്നത് ശക്തിപ്രകടനമാണ്. സാത്താന്റെയും തിന്മയുടെയുംമേലുള്ള ശക്തിപ്രകടനം. അത്ഭുതങ്ങളിലൂടെ ദൈവരാജ്യവും മിശിഹായുഗവും വന്നണയുന്നു എന്ന് സാരം. ലൂക്കോ.11:20-ൽ "എന്നാൽ ദൈവത്തിന്റെ ശക്തികൊണ്ട് ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിൽ ദൈവരാജ്യം നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം.'' ഡുനാമിസ്, ഏർഗോൻ, സെമെയിയോൻ എന്നിവയൊക്കെ ഏകദേശം ഒരേ അർത്ഥമുള്ള ഗ്രീക്ക് പദങ്ങളാണ്. സെമയിയോൻ അടയാളം എന്ന അർത്ഥത്തിലാണ്. ഏർഗോൻ പ്രവൃത്തി എന്ന അർത്ഥത്തിലുമാണ്. യോഹ.4:48-ൽ യേശു അവനോട് : "നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ വിശ്വസിക്കുകയില്ല'' എന്ന് പറഞ്ഞു. ഇതൊരു ശകാരവാക്കാണ്. ഇംഗ്ലീഷിൽ NIV ബൈബിളിൽ "unless you people see miraculous signs and wonders, you will never believe'' എന്നിടത്ത് ഗ്രീക്ക് വാക്ക് തോറാസ് ആണുപയോഗിച്ചിരിക്കുന്നത്. തോറാസിനുവേണ്ടി ജനം അന്വേഷിക്കരുത് എന്നാണ് യേശുകർത്താവ് ഉദ്ദേശിക്കുന്നത്. പുതിയനിയമത്തിൽ അത്ഭുതവുമായി ബന്ധപ്പെടുത്തി തൗമാസിയ എന്ന ഗ്രീക്കുപദവും പാരഡോക്സോസ് എന്ന പദവും ഉപയോഗിച്ചിട്ടുണ്ട്. ഡുമാനിസ്, സെമെയിയോൻ, ഏർഗോൻ എന്നീ പദങ്ങൾക്ക് ദൈവസാന്നിധ്യത്തിന്റെയും ദൈവശക്തിയുടെയും ക്രിയാത്മകമായ അർത്ഥ സ്വഭാവമാണുള്ളതെങ്കിൽ തോറാസിനും തൗമാസിയായിക്കും പാരഡോക്സോസിനും ഉദ്വേഗജനകമായ (sensational) ഒർത്ഥമാണുള്ളത്.

**യേശുക്രിസ്തു എന്ന അത്ഭുതപ്രവർത്തകൻ**


മതസ്ഥാപകരോ മതദൈവങ്ങളോ ആരും അത്ഭുതപ്രവർത്തകരായിരുന്നില്ല. എന്നാൽ യേശുക്രിസ്തു മതസ്ഥാപകനല്ലെങ്കിലും ആ പേരിൽ പല മതസ്വഭാവങ്ങളും നിലവിലുണ്ടല്ലോ. യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഒരാളായിട്ടാണ് ബൈബിൾ പഠിച്ചുകൊണ്ട് വചനപ്രഘോഷണവും രോഗസൗഖ്യശുശ്രൂഷകളും നടത്തുന്നവരിലൂടെ ചിത്രീകരിക്കപ്പെടുന്നത്. അത് ശരിയുമാണ്. അതിനുള്ള പ്രധാനകാരണം പൗരോഹിത്യജനക്കൂട്ടത്തിന്റെയടുത്ത് സെന്റ് ജോർജ്ജ് പോലയുള്ളവരെയാണ് അത്ഭുത പ്രവർത്തകരായി ചിത്രീകരിക്കുന്നത്. അത് പാപമാണ്. പക്ഷെ അവർ ആ പാപം ചെയ്തേ അടങ്ങൂ. അവർ ബൈബിൾ നിഷേധികളാണ്. അവരുടെയിടയിൽ ചില പുരോഹിതന്മാരൊ, സാധാരണക്കാരൊ, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുവാൻ കൊള്ളാവുന്നവൻ എന്ന് യേശുവിനെപ്പറ്റി പറയുന്നുണ്ടെങ്കിലും അതിന് മുമ്പും പിമ്പും അവർ മറിയത്തെയൊ മെത്രാനെയൊ വചനവിരുദ്ധമായി വണങ്ങുകയോ ആരാധിക്കുകയോ ചെയ്തുകൊണ്ട് 'കുറുക്കന്റെ' എപ്പോഴും കോഴിക്കൂട്ടിലേക്ക് എന്ന തന്ത്രത്തെ അനാവരണം ചെയ്തുകളയും.

**പ്രകൃതിശക്തികളുടെമേൽ അത്ഭുതങ്ങൾ**

1. യേശു കൊടുങ്കാറ്റിനെ ശാന്തമാക്കിയല്ലോ. അവനൊരു പടകിൽ കയറിയപ്പോൾ അവന്റെ ശിഷ്യന്മാർ കൂടെച്ചെന്നു. പിന്നെ കടലിൽ വളരെ ഓളമുണ്ടായിട്ട് പടക് തിരകളാൽ മുങ്ങുമാറായി; അവനോ ഉറങ്ങുകയായിരുന്നു. "അവർ അടുത്തുചെന്നു: കർത്താവെ, രക്ഷിക്കണേ, ഞങ്ങൾ നശിച്ചുപോകുന്നു എന്നു പറഞ്ഞ് അവനെയുണർത്തി. അവൻ അവരോട് : അല്പവിശ്വാസികളെ നിങ്ങൾ ഭീരുക്കളാകുവാൻ എന്ത് എന്ന് പറഞ്ഞശേഷം എഴുന്നേറ്റ് കാറ്റിനെയും കടലിനെയും ശാസിച്ചപ്പോൾ വലിയ ശാന്തതയുണ്ടായി. അപ്പോൾ ആ മനുഷ്യർ അതിശയിച്ചു; ഇവൻ എങ്ങനെയുള്ളവൻ? കാറ്റും കടലുംകൂടെ ഇവനെ അനുസരിക്കുന്നുവല്ലോ എന്നു പറഞ്ഞു" (മത്താ.8:23-27, മർക്കോ.4:35-41, ലൂക്കോ.8:22-25).

**ഭക്ഷണം വർദ്ധിപ്പിച്ചുകൊണ്ടത്ഭുതം**

അയ്യായിരത്തിൽപരം പേർക്ക് അഞ്ചപ്പവും രണ്ട് മീനും വർദ്ധിപ്പിച്ചു. "അവൻ വന്ന് വലിയ പുരുഷാരത്തെ കണ്ട് അവരിൽ മനസ്സലിഞ്ഞ് അവരുടെ രോഗികളെ സൗഖ്യമാക്കി. വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ അവന്റെയടുക്കൽ ചെന്നു. ഈ സ്ഥലം മരുഭൂമിയല്ലോ; നേരവും വൈകി; പുരുഷാരം ഗ്രാമങ്ങളിൽ പോയി ഭക്ഷണസാധനങ്ങൾ കൊള്ളേണ്ടതിന് അവരെ പറഞ്ഞയക്കണം എന്നു പറഞ്ഞു. യേശു അവരോട്: അവർ പോകുവാൻ ആവശ്യമില്ല. നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ



# Fundamental Knowledge of True Theology - Chapter : 24
# ക്രിസ്തുശാസ്ത്രം ഭാഗം 2
## Christology Part-2

കൊടുപ്പിൻ എന്നു പറഞ്ഞു. അവർ അവനോട്: അഞ്ചപ്പവും രണ്ട് മീനുമല്ലാതെ ഞങ്ങൾക്കിവിടെ ഒന്നും ഇല്ല എന്നു പറഞ്ഞു. അത് ഇങ്ങ് കൊണ്ടുവരുവിൻ എന്ന് അവൻ പറഞ്ഞു. പിന്നെ പുരുഷാരം പുല്ലിൻമേൽ ഇരിക്കുവാൻ കല്പിച്ചു. ആ അഞ്ചപ്പവും രണ്ട് മീനും എടുത്ത്, സ്വർഗ്ഗത്തേക്ക് നോക്കി വാഴ്ത്തി അപ്പം നുറുക്കി, ശിഷ്യന്മാരുടെ പക്കലും, ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു. എല്ലാവരും തിന്ന് തൃപ്തരായി. ശേഷിച്ച കഷണം പന്ത്രണ്ട് കൊട്ട നിറച്ചെടുത്തു. തിന്നവരോ സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാരുണ്ടായിരുന്നു"(മത്താ. 14:13-21, മർക്കോ.6:30-44, ലൂക്കോ.9:11-17, യോഹ.6:5-13).

**നാലായിരം പേരെ തീറ്റിപ്പോറ്റുന്നത്**

"എന്നാൽ യേശു തന്റെ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു; ഈ പുരുഷാരം ഇപ്പോൾ മൂന്നുനാളായി എന്നോടുകൂടെ പാർക്കുന്നു. അവർക്ക് ഭക്ഷിക്കുവാൻ ഒന്നുമില്ലാത്തതുകൊണ്ട് അവരെക്കുറിച്ച് എനിക്ക് മനസ്സലിവ് തോന്നുന്നു. അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസുമില്ല; അവർ വഴിയിൽവച്ച് തളർന്നുപോയേക്കാം എന്നു പറഞ്ഞു. ശിഷ്യന്മാർ അവനോട് ഇത്ര വലിയ പുരുഷാരത്തിന് തൃപ്തി വരുത്തുവാൻ മതിയായ അപ്പം ഈ കാട്ടിൽ നമുക്ക് എവിടെനിന്ന് എന്നു പറഞ്ഞു. നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട് എന്ന് യേശു ചോദിച്ചു. ഏഴ്, കുറെ ചെറുമീനുകളും ഉണ്ട് എന്ന് അവർ പറഞ്ഞു. അവൻ പുരുഷാരത്തോട് നിലത്തിരിക്കുവാൻ കല്പിച്ചു; ആ ഏഴ് അപ്പവും മീനും എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു. എല്ലാവരും തിന്ന് തൃപ്തരായി; ശേഷിച്ച കഷണം അവർ ഏഴ് വട്ടി നിറച്ചെടുത്തു. തിന്നവരോ സ്ത്രീകളെയും കുട്ടികളെയും കൂടാതെ നാലായിരം പുരുഷന്മാർ ഉണ്ടായിരുന്നു" (മത്താ.15:32-38, മർക്കോ.1:8-10).

**വെള്ളത്തിനുമീതെ ക്രിസ്തു നടക്കുന്നത്**

''ഉടനെ യേശു താൻ പുരുഷാരത്തെ പറഞ്ഞയക്കുന്നതിനിടയിൽ ശിഷ്യന്മാർ പടകിൽ കയറി, തനിക്കുമുമ്പായി അക്കരയ്ക്കുപോകുവാൻ അവരെ നിർബന്ധിച്ചു. അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ട് പ്രാർത്ഥിക്കുവാനായി തനിയെ മലയിൽ കയറിപ്പോയി; വൈകുന്നേരമായപ്പോൾ ഏകനായി അവിടെയിരുന്നു. പടകോ കര വിട്ട് പല നാഴിക ദൂരത്തായി, കാറ്റ് പ്രതികൂലമാകകൊണ്ട് തിരകളാൽ വലഞ്ഞിരുന്നു. രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിൻമേൽ നടന്ന് അവരുടെയടുക്കൽ വന്നു. അവൻ കടലിൻമേൽ നടക്കുന്നത് കണ്ടിട്ട് ശിഷ്യന്മാർ ഭ്രമിച്ച്; അതൊരു ഭൂതം എന്നു പറഞ്ഞ് പേടിച്ച് നിലവിളിച്ചു. ഉടനെ യേശു അവരോട്: ധൈര്യപ്പെടുവിൻ. ഞാനാകുന്നു പേടിക്കേണ്ട എന്നു പറഞ്ഞു. അതിന് പത്രൊസ് : നീ ആകുന്നുവെങ്കിൽ ഞാൻ വെള്ളത്തിൻമേൽ നിന്റെയടുക്കൽ വരേണ്ടതിന് കല്പിക്കണം എന്നു പറഞ്ഞു. വരിക എന്നു അവൻ പറഞ്ഞു. പത്രൊസ് പടകിൽ നിന്നിറങ്ങി, യേശുവിന്റെ അടുക്കൽ വരുവാൻ വെള്ളത്തിൻമേൽ നടന്നു. എന്നാൽ അവൻ കാറ്റുകണ്ട് പേടിച്ച് മുങ്ങിത്തുടങ്ങുകയാൽ: കർത്താവെ; എന്നെ രക്ഷിക്കണമെ എന്നു നിലവിളിച്ചു. യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു. അല്പവിശ്വാസിയെ; നീ എന്തിന് സംശയിച്ചു എന്നു പറഞ്ഞു. അവർ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു. പടകിലുള്ളവർ നീ ദൈവത്തിന്റെ പുത്രൻ സത്യം എന്നു പറഞ്ഞ് അവനെ നമസ്ക്കരിച്ചു'' (മത്താ.14:22-33, മർക്കോ.6:45-52, യോഹ.6:15-21).

**അത്തിമരത്തെ ശപിച്ചുണക്കുന്നത്**

"രാവിലെ അവൻ നഗരത്തിലേക്ക് മടങ്ങിപ്പോകുന്ന സമയം വിശന്നിട്ട്, വഴിയരികെ ഒരു അത്തിവൃക്ഷം കണ്ട് അടുക്കെ ചെന്നു, അതിൽ ഇല അല്ലാതെ ഒന്നും കാണായ്കയാൽ ഇനി നിന്നിൽ ഒരുനാളും ഫലമുണ്ടാകാതെ പോകട്ടെ എന്നു അതിനോട് പറഞ്ഞു. ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി. ശിഷ്യന്മാർ അത് കണ്ടപ്പോൾ അത്തി ഇത്ര ക്ഷണത്തിൽ ഉണങ്ങിപ്പോയതെങ്ങനെ എന്ന് ആശ്ചര്യപ്പെട്ടു. അതിന് യേശു നിങ്ങൾ സംശയിക്കാതെ വിശ്വാസമുള്ളവരായാൽ ഈ അത്തിയോട് ചെയ്തത് നിങ്ങളും ചെയ്യും, എന്നു മാത്രമല്ല, ഈ മലയോട് നീങ്ങി കടലിലേക്ക് ചാടിപ്പോവുക എന്നു പറഞ്ഞാൽ അതും സംഭവിക്കും എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു. നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്ത് യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും എന്ന് ഉത്തരം പറഞ്ഞു'' (മത്താ.21:18-22, മർക്കോ.8:12-13, ലൂക്കോ.13:6-9).

**മത്സ്യത്തിന്റെ വായിലെ നാണയം**

"അവർ കഫർണഹൂമിൽ എത്തിയാറെ ദ്വിദ്രഹ്മപണം




വാങ്ങുന്നവർ പത്രൊസിന്റെയടുക്കൽ വന്നു.(After Jesus his disciples arrived in Capernaum, the collectors of the two drachma tax came to peter and asked, ..........NIV) നിങ്ങളുടെ ഗുരു ദിദ്രഹ്മപണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചതിന്: ഉവ്വ് എന്ന് അവൻ ഉത്തരം പറഞ്ഞു. അവൻ വീട്ടിൽ വന്നപ്പോൾ യേശു അവനോട്: ശിമോനെ, നിനക്ക് എന്ത് തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമൊ ആരോട് വാങ്ങുന്നു? പുത്രന്മാരോടൊ അന്യന്മാരോടൊ എന്ന് മുന്നിട്ട് ചോദിച്ചതിന്: അന്യരോട് എന്ന് അവൻ പറഞ്ഞു. യേശു അവനോട്: എന്നാൽ പുത്രന്മാർ ഒഴിവുള്ളവരല്ലോ; എങ്കിലും നാം അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന് നീ കടലിലേക്ക് ചെന്ന് ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്കുക; അതിന്റെ വാ തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും എന്നു പറഞ്ഞു. അതെടുത്ത് എനിക്കും നിനക്കുംവേണ്ടി കൊടുക്കുക എന്ന് പറഞ്ഞു" (മത്താ.17:24-27).

## അത്ഭുതകരമായ മീൻപിടുത്തം


"അവൻ ഗന്നേസരത്ത് തടാകത്തിന്റെ കരയിൽ നിൽക്കുമ്പോൾ പുരുഷാരം ദൈവവചനം കേൾക്കേണ്ടതിന് അവനെ തിക്കിക്കൊണ്ടിരുന്നു. അപ്പോൾ രണ്ട് പടക് കരയ്ക്കടുത്ത് നിൽക്കുന്നത് അവൻ കണ്ടു; അവയിൽ നിന്ന് മീൻപിടുത്തക്കാർ ഇറങ്ങി വല കഴുകുകയായിരുന്നു. ആ പടകുകളിൽ ശീമോനുള്ളതായ ഒന്നിൽ അവൻ കയറി കരയിൽനിന്ന് അല്പം നീക്കണമെന്ന് അവനോട് അപേക്ഷിച്ചു. അങ്ങനെ അവൻ പടകിലിരുന്ന് പുരുഷാരത്തെ ഉപദേശിച്ചു. സംസാരിച്ച് തീർന്നപ്പോൾ അവൻ ശീമോനോട് ആഴത്തിലേക്ക് നീക്കി മീൻപിടുത്തത്തിന് വലയിറക്കുവിൻ എന്ന് പറഞ്ഞു. അതിന് ശിമോൻ: നാഥാ ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിന് ഞാൻ വലയിറക്കാം എന്നുത്തരം പറഞ്ഞു. അവർ അങ്ങനെ ചെയ്തപ്പോൾ പെരുത്ത മീൻകൂട്ടം അകപ്പെട്ട് വല കീറാറായി.



## ജന്മനാ വൈകല്യമുള്ള കാൽ പ്രാർത്ഥനയാൽ സുഖപ്പെട്ടു

**ഷീന,**
**പുതുപ്പറമ്പിൽ**
**PH: 9567926702**

എന്റെ പേര് ഷീന. ഭർത്താവ് വിപിൻ. ഞങ്ങൾ കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളിക്കടുത്ത് പാറത്തോട് എന്ന സ്ഥലത്ത് താമസിക്കുന്നു. ഞങ്ങളുടെ ജീവിതത്തിൽ കർത്താവിനെ കൂടുതലായി അറിയാൻ ഇടയാക്കിയ ചില സംഭവങ്ങൾ ഇവിടെയെഴുതട്ടെ. ഞങ്ങളുടെ ആദ്യത്തെ കുഞ്ഞിന് ജന്മനാ തന്നെ കാലിന് നല്ല വളവുണ്ടായിരുന്നു. അത് പ്ലാസ്റ്ററിട്ട് ശരിയാക്കാം എന്ന് ഡോക്ടർമാർ പറഞ്ഞു. അങ്ങനെ, ജനിച്ച നാൾ മുതൽ തന്നെ കുഞ്ഞിന്റെ കാലിൽ പ്ലാസ്റ്ററിട്ടു. വളരെ ചിലവേറിയ കാര്യമായിരുന്നെങ്കിലും ഞങ്ങൾ കുഞ്ഞിന് 10 മാസം വരെ പ്ലാസ്റ്ററിട്ടു. എങ്കിലും കാൽ ശരിയായിരുന്നില്ല. അതു കഴിഞ്ഞ് ഓപ്പറേഷനിലൂടെ ശരിയാക്കാം എന്നു പറഞ്ഞ് 10-ാം മാസം ഒരു കാലിനും 11-ാം മാസം മറ്റേ കാലിനും ഓപ്പറേഷൻ ചെയ്തു. അത് കഴിഞ്ഞ് വീണ്ടും പ്ലാസ്റ്റർ ഇട്ടു. പക്ഷെ ഇതൊന്നും വിജയകരമായിരുന്നില്ല. അപ്പോൾ കുഞ്ഞിന് ഏകദേശം 2 വയസ്സായിരുന്നു. നടക്കുകയൊ പിടിച്ചു നിൽക്കുകയൊ ഒന്നും ചെയ്യുമായിരുന്നില്ല. അങ്ങനെ ഞങ്ങൾ ആകെ നിരാശയിലകപ്പെട്ടു കഴിയുമ്പോഴാണ് 2007-ൽ പൊൻകുന്നം ലീലാമഹൽ ഓഡിറ്റോറിയത്തിൽ ബഹു.ദേവസ്യാ മുല്ലക്കരസാർ വരുന്നതറിഞ്ഞത്. ഞങ്ങൾ കുഞ്ഞിനെയുംകൊണ്ട് അവിടെ പോയി. സാറിന്റെ പ്രാർത്ഥനയാൽ എന്റെ കർത്താവ് ആ നിമിഷം തന്നെ കുഞ്ഞിനെ തൊട്ടു. അന്ന് ആദ്യമായി ആ ഓഡിറ്റോറിയത്തിൽ വച്ചാണ് ഞങ്ങളുടെ കുഞ്ഞ് പിച്ചവച്ച് നടന്നത് എന്നു പറയുമ്പോൾ എന്റെ കർത്താവിനെ ഞാൻ എത്ര സ്തുതിച്ചാലാണ് മതിയാവുക. മകൾ തനുഷക്ക് ഇപ്പോൾ 9 വയസ്സുണ്ട്. നല്ല ആരോഗ്യത്തോടെയിരിക്കുന്നു. ഇതു കൂടാതെ മറ്റൊരനുഗ്രഹവും കർത്താവ് ഞങ്ങൾക്കു തന്നു. എന്റെ രണ്ടാമത്തെ മകൾക്ക് യൂറിനറി ഇൻഫക്ഷൻ ആയിരുന്നു. വളരെ കൂടുതലായിരുന്നു. മൂത്രത്തിൽ കൂടി പഴുപ്പുതന്നെ പോകുന്ന അവസ്ഥയിലായിരുന്നു. അപ്പോൾ സാറിനെ ഫോണിൽ വിളിക്കുകയും സാർ പ്രാർത്ഥിക്കുകയും ചെയ്തു. അത്ഭുതകരമായി രണ്ടുദിവസം കൊണ്ട് അത് മാറുകയും ചെയ്തു. അങ്ങനെ ഞങ്ങൾ കർത്താവിനെ അറിയുകയും അന്നു മുതൽ ആത്മാഭിഷേകം ചർച്ച് ഓഫ് ഇറ്റേണിറ്റിയിൽ ആരാധന നടത്തി വരികയും ചെയ്യുന്നു. ഇത് വായിക്കുന്ന നിങ്ങളും ഇന്നും ജീവിക്കുന്ന ഈ ദൈവത്തെ അറിയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.




അവർ മറ്റേ പടകിലുള്ള കൂട്ടാളികൾ വന്ന് സഹായിക്കുവാൻ അവരെ മാടിവിളിച്ചു. അവർ വന്ന് പടക് രണ്ടും മുങ്ങുമാറാകുവോളം നിറച്ചു" (ലൂക്കോ.5:1-11).

**വെള്ളം വീഞ്ഞാക്കൽ**

"മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിന് ക്ഷണിച്ചിരുന്നു. വീഞ്ഞ് പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോട് അവർക്ക് വീഞ്ഞില്ല എന്നു പറഞ്ഞു. യേശു അവളോട്: സ്ത്രീയെ എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു. അവന്റെ അമ്മ ശുശ്രൂഷക്കാരോട്: അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്യുവിൻ എന്നു പറഞ്ഞു. അവിടെ യഹൂദന്മാരുടെ ശുദ്ധീകരണനിയമം അനുസരിച്ച് രണ്ടോ മൂന്നോ പറവീതം കൊള്ളുന്ന ആറ് കൽപാത്രം ഉണ്ടായിരുന്നു. യേശു അവരോട് ഈ കൽപാത്രങ്ങളിൽ വെള്ളം നിറയ്ക്കുവിൻ എന്നു പറഞ്ഞു. അവർ വക്കോളവും നിറച്ചു. ഇപ്പോൾ കോരി വിരുന്നുവാഴിക്ക് കൊണ്ടുപോയി കൊടുക്കുവിൻ. അവർ കൊണ്ടുപോയി കൊടുത്തു. അതെവിടെനിന്ന് എന്ന് വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നുവാഴി അറിഞ്ഞിരുന്നില്ല. വീഞ്ഞായിതീർന്ന വെള്ളം വിരുന്നുവാഴി രുചിച്ചുനോക്കിയപ്പോൾ മണവാളനെ വിളിച്ചു. എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ചശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്: നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ എന്ന് അവനോട് പറഞ്ഞു. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽവച്ച് ചെയ്ത് തന്റെ മഹത്വം വെളിപ്പെടുത്തി. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (യോഹ.2:1-11). യേശുവിന്റെ അമ്മയുടെ മഹത്വം വെളിപ്പെടുത്തുകയല്ല, ഇവിടെ, യേശു എന്ന സത്യദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുകയാണുണ്ടായത്.

**രോഗശാന്തി പ്രദാനം ചെയ്യുന്ന അത്ഭുതങ്ങൾ**

## തകർന്ന തലയോട്ടിയിൽ കർത്താവിന്റെ മൃദുസ്പർശം



എന്റെ പേര് പൊന്നമ്മ. മകന്റെ പേര് സനീഷ്. ഞങ്ങൾ കോട്ടയം ജില്ലയിലെ കല്ലറ എന്ന സ്ഥലത്ത് താമസിക്കുന്നു. ഞങ്ങൾ കർത്താവിനെ അറിഞ്ഞതിനുശേഷം എണ്ണിയാൽ ഒടുങ്ങാത്ത നന്മകളാണ് കർത്താവ് ഞങ്ങൾക്ക് തന്നിരിക്കുന്നത്. എന്റെ മകന് ഏഴ് വർഷങ്ങൾക്കുമുമ്പ് ഒരു ബൈക്ക് ആക്സിഡന്റ് ഉണ്ടാകുകയും തലയോട്ടി തന്നെ തകർന്നു പോകുകയും ചെയ്തു. ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ 48 മണിക്കൂറിനുശേഷം എന്തെങ്കിലും പറയാമെന്നായി ഡോക്ടർ. ഞങ്ങൾക്ക് യേശുവിനേക്കുറിച്ച് ഒന്നും അറിയാത്ത കാലഘട്ടമായിരുന്നു അത്. എങ്കിലും എന്റെ കർത്താവ് അവന്റെ രാജ്യത്തിൽ എന്നെയും ചേർക്കാൻ മനസ്സുവച്ചു. മാസത്തോളം കിടന്ന കിടപ്പിലും സംസാരിക്കാൻ വയ്യാതെയും ആയിരുന്നു. നാലു വർഷങ്ങൾക്കുമുമ്പ് ഞങ്ങൾ യേശുവിനെ അറിയുകയും പ്രാർത്ഥനകളിൽ സ്ഥിരമായി പങ്കെടുക്കുകയും കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാനും തുടങ്ങിയപ്പോൾ എന്റെ മകന്റെ ജീവിതത്തിൽ ഒത്തിരി മാറ്റങ്ങൾ കണ്ടുതുടങ്ങി. തലയോട്ടിയുടെ തകർന്ന ഭാഗത്ത് മാംസം വന്നുമൂടി. മകനുണ്ടായിരുന്ന സംസാരിക്കുവാനുള്ള ബുദ്ധിമുട്ടും കണ്ണിനുണ്ടായിരുന്ന പ്രശ്നങ്ങളും കേൾവിക്കുറവും എല്ലാം ദേവസ്യാസാറിന്റെ പ്രാർത്ഥനയാൽ യേശു എടുത്തു മാറ്റി. കൂടാതെ എനിക്ക് 6 മാസമായി വലതുകാലിന്റെ മുട്ടിനും ഇടതുകാലിന്റെ കണ്ണക്കും നീരുണ്ടായിരുന്നു. നടക്കുവാനൊക്കെ ബുദ്ധിമുട്ടായിരുന്നു. ഏറ്റുമാനൂരിൽ ദേവസ്യാമുല്ലക്കരസാർ വന്നപ്പോൾ ആ പ്രാർത്ഥനയിൽ വെച്ച് യേശു എന്റെ കാലിന്റെ നീരൊക്കെ മാറ്റി. കണ്ണിനുണ്ടായിരുന്ന മൂടലും മാറി. എല്ലാം കർത്താവിന്റെ കൃപയാലാണെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുന്നു

Ph:9562859780




യേശുവിന്റെ അക്കാലത്തെ അത്ഭുതപ്രവർത്തനങ്ങളിൽ ഭൂരിപക്ഷവും രോഗസൗഖ്യം പ്രദാനം ചെയ്യുന്നവയായിരുന്നു. മത്തായി 4-ാം അദ്ധ്യായത്തിലെ ചില വചനങ്ങൾ കുറിയ്ക്കാം. “പിന്നെ യേശു ഗലീലയിൽഒക്കെയും ചുറ്റി സഞ്ചരിച്ചുകൊണ്ട് അവരുടെ പള്ളികളിൽ ഉപദേശിക്കുകയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു. അവന്റെ ശ്രുതി സുറിയയിലൊക്കെയും പരന്നു. നാനാവ്യാധികളാലും ബാധകളാലും വലഞ്ഞവർ, ഭൂതഗ്രസ്തർ, ചാന്ദ്രരോഗികൾ, പക്ഷവാതക്കാർ ഇങ്ങനെ സകലവിധ ദീനക്കാരെയും അവന്റെയടുക്കൽ കൊണ്ടുവന്നു. അവൻ അവരെ സൗഖ്യമാക്കി; ഗലീലാ, ദെക്കപ്പൊലി, യെരുശലേം, യഹൂദ്യാ, യോർദ്ദാനക്കരെ എന്നീ ഇടങ്ങളിൽനിന്ന് വളരെ പുരുഷാരം അവനെ പിന്തുടർന്നു” (മത്താ.4:23-25).

## യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു

“അവൻ മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ വളരെ പുരുഷാരം അവനെ പിന്തുടർന്നു. അപ്പോൾ ഒരു കുഷ്ഠരോഗി വന്ന് അവനെ നമസ്ക്കരിച്ച് കർത്താവേ, നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്നു പറഞ്ഞു. അവൻ കൈനീട്ടി അവനെ തൊട്ടു; എനിക്ക് മനസ്സുണ്ട്; നീ ശുദ്ധമാവുക എന്നു പറഞ്ഞു. ഉടനെ കുഷ്ഠം മാറി അവൻ ശുദ്ധനായി” (മത്താ.8:1-4, മർക്കോ.1:40-45, ലൂക്കോ.5:12-16).

## ശതാധിപന്റെ ഭൃത്യന് രോഗശാന്തി ലഭിക്കുന്നു

“അവൻ കഫർണഹൂമിൽ എത്തിയപ്പോൾ ഒരു ശതാധിപൻ വന്ന് അവനോട് കർത്താവെ എന്റെ ബാല്യക്കാരൻ പക്ഷവാതം പിടിച്ച് കഠിനമായി വേദനപ്പെട്ട് വീട്ടിൽ കിടക്കുന്നു എന്നപേക്ഷിച്ചുപറഞ്ഞു: അവൻ അവനോട് ഞാൻ വന്ന് അവനെ സൗഖ്യമാക്കും എന്ന് പറഞ്ഞു. അതിന് ശതാധിപൻ : കർത്താവെ, നീ എന്റെ പുരയ്ക്കകത്ത് വരുവാൻ ഞാൻ യോഗ്യനല്ല. ഒരു വാക്കു മാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും. ഞാനും അധികാരത്തിൻ കീഴുള്ള മനുഷ്യൻ ആകുന്നു; എന്റെ കീഴിൽ പടയാളികൾ ഉണ്ട്; ഞാൻ ഒരുവനോട് പോകുക എന്നു പറഞ്ഞാൽ പോകുന്നു. മറ്റൊരുത്തനോട് വരിക എന്നു പറഞ്ഞാൽ വരുന്നു. എന്റെ ദാസനോട് ഇതു ചെയ്യുക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു എന്ന് ഉത്തരം പറഞ്ഞു. അത് കേട്ടിട്ട് യേശു അതിശയിച്ച് പിൻചെല്ലുന്നവരോട് പറഞ്ഞത് : യിസ്രയേലിൽകൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു” (മത്താ.8:5-13, ലൂക്കോ.7:1-10, യോഹ.4:46).

## പത്രൊസിന്റെ അമ്മായിയമ്മക്ക് സൗഖ്യം

“യേശു പത്രൊസിന്റെ വീട്ടിൽ വന്നപ്പോൾ അവന്റെ അമ്മാവിയമ്മ പനി പിടിച്ച് കിടക്കുന്നത് കണ്ടു. അവൻ അവളുടെ കൈ തൊട്ടു. പനി അവളെ വിട്ടു. അവൾ എഴുന്നേറ്റ് അവർക്ക് ശുശ്രൂഷ ചെയ്തു (മത്താ.8:14-17, മർക്കോ.1:29-34, ലൂക്കോ.4:38-41).

## തളർവാതരോഗിക്ക് സൗഖ്യം

“അവൻ പടകിൽ കയറി ഇക്കരക്ക് കടന്ന് സ്വന്തപട്ടണത്തിൽ എത്തി. അവിടെ ചിലർ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽകൊണ്ടുവന്നു. യേശു അവരുടെ വിശ്വാസം കണ്ട് പക്ഷവാതക്കാരനോട് : മകനെ, ധൈര്യമായിരിക്ക, നിന്റെ പാപങ്ങൾ മോചിച്ച് തന്നിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ ശാസ്ത്രിമാരിൽ ചിലർ അവൻ ദൈവദൂഷണം പറയുന്നു എന്ന് ഉള്ളം കൊണ്ട് പറഞ്ഞു. യേശുവൊ അവരുടെ നിരൂപണം ഗ്രഹിച്ചു: നിങ്ങൾ ഹൃദയത്തിൽ ദോഷം നിരൂപിക്കുന്നതെന്ത്? നിന്റെ പാപങ്ങൾ മോചിച്ച് തന്നിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റ് നടക്കുക എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം എന്നു ചോദിച്ചു. എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രന് അധികാരമുണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിന് അവൻ പക്ഷവാതക്കാരനോട്; എഴുന്നേറ്റ് കിടക്ക എടുത്ത് വീട്ടിൽ പോകുക എന്നു പറഞ്ഞു. അവൻ എഴുന്നേറ്റ് വീട്ടിൽ പോയി. പുരുഷാരം അത് കണ്ട് ഭയപ്പെട്ട് മനുഷ്യർക്ക് ഇങ്ങനെയുള്ള അധികാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തി” (മത്താ.9:1-8, മർക്കോ.2:1-12, ലൂക്കോ.5:17-26).

## രക്തസ്രാവക്കാരിക്ക് സൗഖ്യം

“അവൻ ഇങ്ങനെ അവരോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പ്രമാണി വന്ന് അവനെ നമസ്ക്കരിച്ചു. എന്റെ മകൾ ഇപ്പോൾത്തന്നെ കഴിഞ്ഞുപോയി; എങ്കിലും നീ വന്ന് അവളുടെമേൽ കൈവെച്ചാൽ അവൾ




ജീവിക്കും എന്നു പറഞ്ഞു. യേശു എഴുന്നേറ്റ് ശിഷ്യന്മാരുമായി അവന്റെകൂടെ ചെന്നു. അന്ന് പന്ത്രണ്ട് സംവത്സരമായി രക്തസ്രാവമുള്ളോരു സ്ത്രീ: അവന്റെ വസ്ത്രം മാത്രം ഒന്ന് തൊട്ടാൽ എനിക്ക് സൗഖ്യം വരും എന്ന് ഉള്ളംകൊണ്ട് പറഞ്ഞു, പിറകിൽ വന്ന് അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. യേശു തിരിഞ്ഞ് അവളെകണ്ടപ്പോൾ: മകളെ, ധൈര്യപ്പെടുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു എന്നു പറഞ്ഞു. ആ നാഴിക മുതൽ സ്ത്രീക്ക് സൗഖ്യം വന്നു. പിന്നെ യേശു പ്രമാണിയുടെ വീട്ടിൽ കടന്ന് കുഴലൂതുന്നവരെയും ആരവാരക്കൂട്ടത്തെയും കണ്ടിട്ട് മാറിപ്പോകുവിൻ, ബാല മരിച്ചില്ലല്ലോ, ഉറങ്ങുന്നതത്രേ എന്നു പറഞ്ഞു. അവരോ അവനെ പരിഹസിച്ചു. അവൻ പുരുഷാരത്തെ പുറത്താക്കി അകത്തുകടന്ന് ബാലയുടെ കൈ പിടിച്ചു. ബാല എഴുന്നേറ്റു. ഈ വർത്തമാനം ആ ദേശത്തൊക്കെയും പരന്നു'' (മത്താ.9:18-26, മർക്കോ.5:21-43, ലൂക്കോ.8:40-56).

**അന്ധന് കാഴ്ച നൽകുന്നു**

"യേശു അവിടെനിന്ന് പോകുമ്പോൾ രണ്ട് കുരുടന്മാർ ദാവീദുപുത്രാ ഞങ്ങളോട് കരുണതോന്നണമെ എന്ന് നിലവിളിച്ചുകൊണ്ട് പിന്തുടർന്നു. അവൻ വീട്ടിലെത്തിയപ്പോൾ കുരുടന്മാർ അവന്റെയടുക്കൽ വന്നു. ഇത് ചെയ്യുവാൻ എനിക്ക് കഴിയും എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ എന്ന് യേശു ചോദിച്ചതിന്: ഉവ്വ് കർത്താവെ എന്ന് അവർ പറഞ്ഞു. അവൻ അവരുടെ കണ്ണ് തൊട്ടു - നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞു. ഉടനെ അവരുടെ കണ്ണ് തുറന്നു. പിന്നെ യേശു, നോക്കുവിൻ, ആരും അറിയരുത് എന്ന് അമർച്ചയായി കല്പിച്ചു. അവരോ പുറപ്പെട്ട് ആ




ദൈവതിരുനാമം വാഴ്ത്തപ്പെടട്ടെ. കർത്താവ് എനിക്കു നൽകിയ വലിയ വിടുതലിനെ സാക്ഷ്യപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. കഴിഞ്ഞ മൂന്ന് മാസക്കാലമായി എന്റെ രണ്ട് കക്ഷത്തിലുമുള്ള sweat glands വീർത്തിട്ട് എപ്പോഴും പുകച്ചിലായിരുന്നു. ഡോക്ടറെ കണ്ട് 20 ദിവസത്തോളം ആന്റിബയോട്ടിക്സ് കഴിക്കുകയും ഇഞ്ചക്ഷൻ പല പ്രാവശ്യം എടുക്കുകയും ചെയ്തു. എന്നിട്ടും മാറാതെ വന്നപ്പോൾ ഡോക്ടർ പറഞ്ഞു ഇനി മരുന്ന് കഴിക്കണ്ട എന്ന്. വിയർപ്പുഗ്രന്ഥി അടഞ്ഞിരുന്നിട്ട് വിയർപ്പ് പുറത്തേക്ക് പോകാതെയിരിക്കുന്ന ഒരസുഖമാണിതെന്ന് പറഞ്ഞു. ഞാൻ വളരെയധികം ബുദ്ധിമുട്ടിലായി. ജോലി ചെയ്യുവാനോ കിടന്നുറങ്ങുവാനോ പോലും സാധിക്കാതെയായി. മൂന്നു മാസങ്ങൾക്കുശേഷം വീണ്ടും ഡോക്ടറെ കണ്ടപ്പോൾ നമുക്കൊരു സി.ടി സ്കാൻ ചെയ്തു നോക്കാം, ഇത് വേറെ ഏതെങ്കിലും രോഗം കൊണ്ടാണൊ എന്നറിയാം എന്നു പറഞ്ഞു. ഇതനുസരിച്ച് 2015 മെയ് 28 വ്യാഴാഴ്ച സി.ടി സ്കാൻ ചെയ്യുകയും രണ്ട് ലങ്സിലും nodules ഉണ്ട്, എന്താണെന്ന് വ്യക്തമായി മനസ്സിലാകുന്നില്ല, ഒരു ലങ്സ് സ്പെഷ്യലിസ്റ്റിനെ ഉടൻ കാണണമെന്ന് ഡോക്ടർ പറഞ്ഞു. ഞങ്ങളുടെ കുടുംബമൊന്നായി വലിയ ടെൻഷനിലും ദു:ഖത്തിലുമായി. 2015 മെയ് 31 ഞായറാഴ്ച ദേവസ്യാ മുല്ലക്കരസാറിനെ ഫോണിൽ വിളിച്ച് എനിക്കുവേണ്ടി പ്രാർത്ഥിക്കാനാവശ്യപ്പെട്ടു. സാർ പ്രാർത്ഥിച്ചിട്ട് എന്നോട് പറഞ്ഞു കർത്താവ് മോനെ സുഖപ്പെടുത്തിയിരിക്കുന്നു, ഒന്നുകൂടെ ഡോക്ടറെ കാണിക്കുക. അങ്ങനെ വീണ്ടും ലങ്സിന്റെ ഡോക്ടറെ കണ്ടു. ഡോക്ടർ സ്കാൻചെയ്യുകയും അതിനുശേഷം പേടിക്കത്തക്കതായി ഒന്നുമില്ല, ലങ്സിന് ചെറിയ ഇൻഫക്ഷൻ മാത്രമേയുള്ളുവെന്നും എന്നോട് പറഞ്ഞു. കൂടാതെ ഡോക്ടർ എന്റെ കക്ഷത്തിലെ മുഴകൾ അമർത്തി നോക്കിയപ്പോൾ അവിടെ രോഗത്തിന്റെ യാതൊരു ലക്ഷണവും ഇല്ല, നീരും ഇല്ല, വീർക്കലും ഇല്ല എന്ന അത്ഭുതസത്യം തിരിച്ചറിയുകയായിരുന്നു. ഇത്ര അത്ഭുതകരമായി എന്റെ ജീവിതത്തിൽ ഇടപെട്ട് എന്റെ രോഗത്തെ മാറ്റി എന്നിൽ നിന്നും എന്റെ കുടുംബാംഗങ്ങളിൽ നിന്നും എല്ലാ ടെൻഷനും നീക്കിത്തന്ന യേശുവിന് എങ്ങനെയാണ് നന്ദി പറയേണ്ടതെന്ന് എനിക്കറിയില്ല. ദേവസ്യാ മുല്ലക്കരസാറിലൂടെ ദൈവം ഇന്നും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കി. യേശുവെ നന്ദി.




ദേശത്തിലൊക്കെയും അവന്റെ ശ്രുതിയെ പരത്തി'' (മത്താ.9:27-31).

**ഊമനെ സുഖപ്പെടുത്തുന്നു**

"അവർ പോകുമ്പോൾ ചിലർ ഭൂതഗ്രസ്തനായ ഒരു ഊമനെ അവന്റെയടുക്കൽ കൊണ്ടുവന്നു. അവൻ ഭൂതത്തെ പുറത്താക്കിയശേഷം ഊമൻ സംസാരിച്ചു. യിസ്രയേലിൽ ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്ന് പുരുഷാരം അതിശയിച്ചു. പരീശന്മാരൊ, ഇവൻ ഭൂതങ്ങളുടെ തലവനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു എന്നു പറഞ്ഞു" (മത്താ.9:32-34, ലൂക്കോ.11:14-15).


**കാനാൻകാരിയുടെ മകൾ സുഖപ്പെടുന്നു**

''യേശു അവിടംവിട്ട് സോർ, സീദോൻ എന്നീ പ്രദേശങ്ങളിലേക്ക് വാങ്ങിപ്പോയി. ആ ദേശത്തുനിന്ന് ഒരു കാനാന്യസ്ത്രീ വന്നു. അവനോട്: കർത്താവെ, ദാവീദുപുത്രാ, എന്നോട് കരുണ തോന്നണമെ, എന്റെ മകൾക്ക് ഭൂതോദ്രപവം അധികമായിരിക്കുന്നു എന്ന് നിലവിളിച്ച് പറഞ്ഞു. അവൻ അവളോട് ഒരു വാക്കും ഉത്തരം പറഞ്ഞില്ല. അവന്റെ ശിഷ്യന്മാർ അടുക്കെ വന്ന്; അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ട് വരുന്നു; അവളെ പറഞ്ഞയക്കണമെ എന്ന് അവനോട് അപേക്ഷിച്ചു. അതിന് അവൻ: യിസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് അല്ലാതെ എന്നെ അയച്ചിട്ടില്ല എന്നുത്തരം പറഞ്ഞു. എന്നാൽ അവൾ വന്ന് കർത്താവെ, എന്നെ സഹായിക്കണമെ എന്നു പറഞ്ഞ് അവനെ നമസ്ക്കരിച്ചു. അവനോ:മക്കളുടെ അപ്പമെടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല എന്നുത്തരം പറഞ്ഞു. അതിന് അവൾ : അതേ, കർത്താവെ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽനിന്ന് വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്നു പറഞ്ഞു. യേശു അവളോട് സ്ത്രീയെ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ എന്നുത്തരം പറഞ്ഞു; ആ നാഴിക മുതൽ അവളുടെ മകൾക്ക് സൗഖ്യം വന്നു'' (മത്താ.15:21-28).

**അപസ്മാരരോഗി സൗഖ്യപ്പെടുന്നു**

"അവർ പുരുഷാരത്തിന്റെ അടുക്കൽ വന്നപ്പോൾ ഒരു മനുഷ്യൻ വന്ന് അവന്റെ മുമ്പാകെ മുട്ടുകുത്തി. കർത്താവെ, എന്റെ മകനോട് കരുണയുണ്ടാകണമെ; അവൻ ചാന്ദ്രരോഗം പിടിച്ച് പലപ്പോഴും തീയിലും വെള്ളത്തിലും വീണ് വല്ലാതെ കഷ്ടത്തിലായിപ്പോകുന്നു. ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെയടുക്കൽ കൊണ്ടുവന്നു; എന്നാൽ സൗഖ്യം വരുത്തുവാൻ അവർക്ക് കഴിഞ്ഞില്ല എന്നു പറഞ്ഞു. അതിന് യേശു: അവിശ്വാസവും കോട്ടവും ഉള്ള തലമുറയെ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെയിരിക്കും? അവനെ എന്റെയടുക്കൽ കൊണ്ടുവരുവിൻ, എന്നുത്തരം പറഞ്ഞു. യേശു ഭൂതത്തെ ശാസിച്ചു. അത് അവനെ വിട്ടുപോയി. ബാലന് ആ നാഴിക മുതൽ സൗഖ്യം വന്നു. പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെയടുക്കൽ വന്ന് ഞങ്ങൾക്ക് അതിനെ പുറത്താക്കിക്കൂടാതിരുന്നത് എന്ത് എന്ന് ചോദിച്ചു. അവൻ അവരോട്: നിങ്ങളുടെ അല്പവിശ്വാസം നമിത്തമത്രേ.






നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അത് നീങ്ങും. നിങ്ങൾക്ക് ഒന്നും അസാധ്യമാവുകയില്ല" (മത്താ.17:14-21, മർക്കോ.9:14-29, ലൂക്കോ.9:37-43).

**ജറീക്കോയിലെ അന്ധന് കാഴ്ച ലഭിക്കുന്നു**

"അവൻ യരീഹോവിൽനിന്നു പുറപ്പെട്ടപ്പോൾ വലിയൊരു പുരുഷാരം അവനെ അനുഗമിച്ചു. അപ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ട് കുരുടന്മാർ യേശു കടന്നുപോകുന്നത് കേട്ടു; കർത്താവെ, ദാവീദുപുത്രാ ഞങ്ങളോട് കരുണതോന്നണമെ എന്നു നിലവിളിച്ചു. മിണ്ടാതിരിക്കുവാൻ പുരുഷാരം അവരെ ശാസിച്ചപ്പോൾ അവർ : കർത്താവെ, ദാവീദുപുത്രാ ഞങ്ങളോട് കരുണതോന്നണമെ എന്ന് അധികം നിലവിളിച്ചു. യേശു നിന്ന് അവരെ വിളിച്ചു. ഞാൻ നിങ്ങൾക്ക് എന്തുചെയ്യണമെന്നാണ് നിങ്ങൾ ഇച്ഛിക്കുന്നത് എന്നു ചോദിച്ചു. കർത്താവെ ഞങ്ങൾക്ക് കണ്ണ് തുറന്നുകിട്ടണം എന്ന് അവർ പറഞ്ഞു. യേശു മനസ്സലിഞ്ഞ് അവരുടെ കണ്ണ് തൊട്ടു. ഉടനെ അവർ കാഴ്ച പ്രാപിച്ച് അവനെ അനുഗമിച്ചു'' (മത്താ.20:29-34, മർക്കോ.10:46-52, ലൂക്കോ.18:35-43).

**മഹോദരരോഗിയെ സുഖപ്പെടുത്തുന്നു**

"പരീശപ്രമാണികളിൽ ഒരുത്തന്റെ വീട്ടിൽ അവൻ ഭക്ഷണം കഴിക്കുവാൻ ശബ്ബത്തിൽ ചെന്നപ്പോൾ അവർ അവനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. മഹോദരം ഉള്ളൊരു മനുഷ്യൻ അവന്റെ മുമ്പിലുണ്ടായിരുന്നു. യേശു ന്യായശാസ്ത്രിമാരോടും പരീശന്മാരോടും: ശബ്ബത്തിൽ സൗഖ്യമാക്കുന്നത് വിഹിതമോ അല്ലയോ എന്നു ചോദിച്ചു. അവരോ മിണ്ടാതെയിരുന്നു. അവൻ അവനെ തൊട്ടുസൗഖ്യമാക്കി വിട്ടയച്ചു. പിന്നെ അവരോട് : നിങ്ങളുടെ ഒരുത്തന്റെ മകനോ മകളോ ശബ്ബത്തുനാളിൽ കിണറ്റിൽ വീണാൽ ക്ഷണത്തിൽ വലിച്ചെടുക്കുകയില്ലയോ? എന്നു ചോദിച്ചതിന് പ്രത്യുത്തരം പറവാൻ അവർക്ക് കഴിഞ്ഞില്ല"

(ശേഷം 22-ാം പേജിൽ)



ലതാ കുമാരി.
Ph: 9847625560

എന്റെ പേര് ലതാകുമാരി. എനിക്ക് 2011-ൽ ഒരു അപകടത്തിൽ രണ്ട് കാലിനും പൊട്ടലുണ്ടാകുകയും ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ ഓപ്പറേഷൻ ചെയ്യാൻ ബുദ്ധിമുട്ടാണെന്നും വീൽചെയർ ഉപയോഗിക്കാൻ മാത്രമെ പറ്റുകയുള്ളുവെന്നും പറഞ്ഞു. ഞാനാകെ നിരാശയിലായി. അങ്ങനെയിരിക്കുമ്പൊഴാണ് ദേവസ്യാ സാറിന്റെ ശുശ്രൂഷയെക്കുറിച്ച് അറിഞ്ഞത്. 2011-ൽ തന്നെ പരുത്തിപ്പാറയിൽ ഒരു ശുശ്രൂഷയിൽ ഞാൻ പങ്കെടുക്കുവാനിടയായി. എന്നെ രണ്ട് പേർ പിടിച്ചുകൊണ്ടാണ് അവിടെ കൊണ്ടു പോയത്. വ്യക്തിപരമായ പ്രാർത്ഥനാവേളയിൽ സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രാർത്ഥനയ്ക്കുശേഷം നടക്കുവാനും ഓടുവാനുമൊക്കെ പറഞ്ഞു. അന്നു മുതൽ ഇന്നു വരെ എന്റെ കാലിന് യാതൊരു കുഴപ്പവുമില്ല. എന്റെ യേശു എന്നെ സൗഖ്യപ്പെടുത്തി. എനിക്കുവേണ്ടി പ്രാർത്ഥിച്ച സാറിനെ കർത്താവ് ഇനിയും അവിടുത്തെ സുവിശേഷം ധാരാളമായി മറ്റുള്ളവർക്ക് പങ്കുവച്ചു കൊടുക്കുവാൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



**സുധാകരൻ & മോളി. കാഞ്ഞങ്ങാട്.Ph:9605603473**

എന്റെ പേര് സുധാകരൻ. ഭാര്യയുടെ പേര് മോളി. വിവാഹം കഴിഞ്ഞിട്ട് 5 വർഷങ്ങളായിട്ടും കുഞ്ഞുങ്ങളില്ലാതെയിരിക്കുകയായിരുന്നു. അങ്ങനെയിരിക്കുമ്പോൾ 2005 ഫെബ്രുവരി മാസം ചെറുപുഴ ഗത്സെമൻ ധ്യാനകേന്ദ്രത്തിൽ വെച്ച് ഒരു ഏകദിന ധ്യാനം കൂടുകയും അവിടെവച്ച് ദേവസ്യാ മുല്ലക്കര സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സെപ്റ്റംബർ മാസം കുട്ടിയെ ലഭിക്കുമെന്ന് പറയുകയും ചെയ്തു. അതേ മാസം തന്നെ ഭാര്യ ഗർഭിണിയായി. ഞങ്ങൾക്ക് സ്കാനിംഗിലൂടെ 2 കുട്ടികൾ ഉദരത്തിൽ ഉണ്ടെന്ന് അറിയുവാൻ കഴിഞ്ഞു. 9 മാസത്തിനുശേഷം മെയ് 27-ന് യാതൊരു കുഴപ്പവുമില്ലാതെ കുഞ്ഞുങ്ങളെ ലഭിക്കുകയും ചെയ്തു. അനുഗ്രഹിച്ച കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച സാറിനെ ഇനിയും ദൈവം ധാരാളമായി അനുഗ്രഹിച്ചുയർത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്
ഞായർ: 10 am to 1 pm (ആരാധന)

### ആലപ്പുഴ ജില്ല



**പാ:ബിജു**
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ
Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്**
സബ്റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി
ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)
**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി,
ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

### കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph: 9847872731, 9946586728
**കൊല്ലം**
**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph:9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**പൂയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph:9847872731, 9946586728
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



**പാ.കെ.സി ദേവസ്യാ (ദാസ്)**
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ്
ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to1pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
(പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡി
റ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

### തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA
ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm),
4-ാം ഞായർ (12.30 pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ**, ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**, അംബികാ ഭവനം എല്ലാ ശനി
യാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ**, 1-ാം ചൊവ്വ മാത്യൂസ്
ഭവനം 5.30 pm
**ആന്നാട്**, 2-ാം ചൊവ്വ ബാബുഭവനം
10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ
ഭവനം 6.00 pm
**കുടപ്പനക്കുന്ന്**, 4-ാം ചൊവ്വ ശശിഭ
വനം 6.30 pm
**മുട്ടട**, ആത്മാഭിഷേകം ഓഫീസ്
എല്ലാ ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar**, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരൂട്ടമ്പലം**, 1-ാം ബുധൻ ചിനിവിള
ജോർജ്ജ് 5 pm
**വലിയവിള**, 2-ാം ബുധൻ
ജയചന്ദ്രൻ ഭവനം 4.30 pm
**കരമന**, 3-ാം ബുധൻ ശാന്തഭവനം
3 pm 3-ാം ബുധൻ
ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
**കിള്ളി**, 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ**, 1-ാം വ്യാഴം ജസ്റ്റസ്
ഭവനം 5 pm
**ഉദിയൻകുളങ്ങര**, 2-ാം വ്യാഴം
ശശിഭവനം 4.30 pm
**പേരൂർക്കട**, 2-ാം വ്യാഴം
സാവിത്രിഭവനം 10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി**, 4-ാം വ്യാഴം രാജൻ ഭവനം 4.30pm
**മരുതൂർ**, 1-ാം ശനി സദാശിവൻ ഭവനം
5.30 pm
**സന്തോഷ് നഗർ**, 2-ാം ശനി മുരളിസാർ
ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം**, 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, **പാറോട്ട്കോണം**, 4-ാം ശനി
മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ്
സെന്റർ (ഷീലാ കോട്ടേജ്
റെയിൽവെപാലത്തിന് സമീപം,
കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട**, ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള**, എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

# CHURCH OF ETERNITY
# CENTRAL MINISTRY



Rev. Devasia Mullakara



Pr. Sam Saravan
PH : 08489261474



Pr.Radhakrishnan
PH : 8086425080



Associate pastor P.D Mathew
PH : 9961066460



Pr.Ramesan



Youth Pastor Sarath Mohan



Br.Jobi



Br.Sabu



Br.Rahul



Br.Prince




Br.Shon



Br.Justin

24 x 7 Prayer Line
9495932106 , 9447715159
പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക






(15-ാം പേജിൽ നിന്നും തുടർച്ച)

(ലൂക്കോ.14:1–6).

**പത്ത് കുഷ്ഠരോഗികളെ സൗഖ്യമാക്കുന്നു**

"അവർ യെരൂശലേമിലേക്ക് യാത്ര ചെയ്യുകയിൽ ശമര്യക്കും ഗലീലയ്ക്കും നടുവിൽക്കൂടി കടക്കുമ്പോൾ ഒരു ഗ്രാമത്തിൽ ചെല്ലുന്നേരം, കുഷ്ഠരോഗികളായ പത്ത് പുരുഷന്മാർ അവന് എതിർപെട്ടു. അകലെനിന്നുകൊണ്ട്, യേശുനായകാ ഞങ്ങളോട് കരുണയുണ്ടാകണമെ എന്നുറക്കെ പറഞ്ഞു. അവൻ അവരെ കണ്ടിട്ട് : നിങ്ങൾ പോയി പുരോഹിതന്മാർക്ക് നിങ്ങളെത്തന്നെ കാണിക്കുവിൻ എന്നു പറഞ്ഞു; പോവുകയിൽതന്നെ അവർ ശുദ്ധരായിത്തീർന്നു. അവരിൽ ഒരുത്തൻ തനിക്ക് സൗഖ്യം വന്നത് കണ്ട് ഉച്ചത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് മടങ്ങിവന്ന് അവന്റെ കാല്ക്കൽ കവിണ്ണ് വീണ് അവന് നന്ദി പറഞ്ഞു" (ലൂക്കോ.17:11–16).

**ബെഥെസ്ദായിലെ തളർവാതരോഗി**


"യെരുശലേമിൽ ആട്ടുവാതിൽക്കൽ ബെഥെസ്ദാ എന്ന് എബ്രായപേരുള്ള ഒരു കുളമുണ്ട്. അതിന് അഞ്ച് മണ്ഡപമുണ്ട്. അവയിൽ, വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയോരുകൂട്ടം (വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ട്) കിടന്നിരുന്നു. (അതതുസമയത്ത് ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം കലങ്ങിയശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധി പിടിച്ചവനായാലും അവന് സൗഖ്യം വരും). എന്നാൽ മുപ്പത്തെട്ടാണ്ട് രോഗം പിടിച്ച് കിടക്കുന്ന ഒരു മനുഷ്യൻ അവിടെയുണ്ടായിരുന്നു. അവൻ കിടക്കുന്നത് യേശു കണ്ടു. ഇങ്ങനെ ഏറെക്കാലമായിരിക്കുന്നു എന്നറിഞ്ഞ് നിനക്ക് സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്ന് അവനോട് ചോദിച്ചു. രോഗി അവനോട്: യജമാനനെ, വെള്ളം കലങ്ങുമ്പോൾ കുളത്തിലാക്കുവാൻ എനിക്കാരുമില്ല, ഞാൻതന്നെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കുമുമ്പായി ഇറങ്ങുന്നു എന്നുത്തരം പറഞ്ഞു. യേശു അവനോട്: എഴുന്നേറ്റ് നിന്റെ കിടക്കയെടുത്ത് നടക്കുക എന്നു പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്കയെടുത്തു നടന്നു" (യോഹ.5:1–9).

**യേശു പിശാചുബാധിതരെ സുഖപ്പെടുത്തുന്നു**



ഞാൻ ശ്രീദേവി. തിരുവനന്തപുരം ജില്ലയിൽ നാലാഞ്ചിറയിൽ താമസിക്കുന്നു. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് ഏകദേശം 6 വർഷമായിട്ടും കുഞ്ഞുങ്ങളില്ലായിരുന്നു. ഞങ്ങൾ ധാരാളം ചികിത്സകളൊക്കെ ചെയ്തു. പക്ഷെ നിരാശയായിരുന്നു ഫലം. ലാപ്രോസ്ക്കോപ്പി ചെയ്തപ്പോൾ ഞങ്ങൾക്ക് ഒരിക്കലും കുഞ്ഞുങ്ങളുണ്ടാകയില്ലെന്നാണ് ഡോക്ടേഴ്സ് പറഞ്ഞത്. ജീവിതത്തിൽ വളരെയേറെ നിരാശ തോന്നിയ ഒരു സമയമായിരുന്നു അത്. അങ്ങനെയുള്ള ഒരു സമയത്താണ് 2010-ൽ തിരുവനന്തപുരം ഗ്രേസ്മിനിഹാളിൽ കൃപാവരങ്ങൾ ഉപയോഗിച്ച് പ്രാർത്ഥിക്കുന്ന ദേവസ്യാ മുല്ലക്കരസാർ വരുന്നുണ്ടെന്നറിഞ്ഞത്. ഞങ്ങൾ സാറിന്റെ പ്രാർത്ഥനാകൂട്ടായ്മയിൽ പങ്കെടുക്കുകയും സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിയ്ക്കുകയും പ്രാർത്ഥനയ്ക്കുശേഷം ആത്മാവ് കൊടുത്ത വെളിപ്പാട് അനുസരിച്ച് 8 മാസത്തിനുള്ളിൽ കുഞ്ഞിനെ ലഭിക്കുമെന്ന് പറയുകയും ചെയ്തു. അത്ഭുതമെന്ന് പറയട്ടെ 4 മാസമായപ്പോൾ തന്നെ എനിക്ക് ഉദരത്തിൽ ഒരു കുഞ്ഞിനെ ലഭിക്കുവാൻ കർത്താവ് അനുഗ്രഹിച്ചു.

**ശ്രീദേവി & വിനോദ്കുമാർ.**
**തിരുവനന്തപുരം,**
**Ph:9447445712**




"അവൻ അക്കരെ ഗെദരേനരുടെ ദേശത്ത് എത്തിയപ്പോൾ രണ്ട് ഭൂതഗ്രസ്തർ ശവക്കല്ലറകളിൽ നിന്ന് പുറപ്പെട്ട് അവന് എതിരെ വന്നു; അവർ അത്യുഗ്രന്മാർ ആയിരുന്നതുകൊണ്ട് ആർക്കും ആ വഴി നടന്നുകൂടാഞ്ഞു. അവർ നിലവിളിച്ചു: ദൈവപുത്രാ, ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? സമയത്തിനുമുമ്പേ ഞങ്ങളെ ദണ്ഡിപ്പിക്കുവാൻ ഇവിടെ വന്നുവോ എന്നു പറഞ്ഞു. അവർക്കകലെ ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. ഭൂതങ്ങൾ അവനോട്: ഞങ്ങളെ പുറത്താക്കുന്നുവെങ്കിൽ പന്നിക്കൂട്ടത്തിലേക്ക് അയയ്ക്കണം എന്നപേക്ഷിച്ചു. പൊയ്ക്കൊള്ളുവിൻ എന്ന് അവൻ അവരോട് പറഞ്ഞു. അവർ പുറപ്പെട്ട് പന്നികളിലേക്ക് ചെന്നു. ആ കൂട്ടമെല്ലാം കടുംതൂക്കത്തോടെ കടലിലേക്ക് പാഞ്ഞ് വെള്ളത്തിൽ മുങ്ങിച്ചത്തു. മേയ്ക്കുന്നവർ ഓടി പട്ടണത്തിലേക്ക് ചെന്ന് സകലവും, ഭൂതഗ്രസ്തരുടെ വസ്തുതയും അറിയിച്ചു. ഉടനെ പട്ടണമെല്ലാം പുറപ്പെട്ട് യേശുവിനെതിരെ ചെന്നു; അവനെ കണ്ടപ്പോൾ തങ്ങളുടെ അതിരുവിട്ട് പോകണമെന്ന് അപേക്ഷിച്ചു" (മത്താ.8:28-34, മർക്കോ.1:21-28, ലൂക്കോ.8:29-39).

**യേശു മരിച്ചവരെ ഉയിർപ്പിച്ചു**

1. യായിറോസിന്റെ മകളെ ഉയിർപ്പിച്ചു (മത്താ.9:18-26, മർക്കോ.5:21-34, ലൂക്കോ.8:40-48).
2. നായിമിലെ വിധവയുടെ മകന്റെ ഉയിർപ്പ് (ലൂക്കോ.7:11-17)
3. ബഥാനിയായിലെ ലാസർ (യോഹ.11:1-44)

**യേശുവിന്റെ അത്ഭുതങ്ങൾ ദൈവശാസ്ത്രവീക്ഷണത്തിൽ**

"ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിലോ ദൈവരാജ്യം നിങ്ങളുടെയടുക്കൽ വന്നെത്തിയിരിക്കുന്നു" (മത്താ.12:28, ലൂക്കോ.11:20) എന്ന തിരുവചനത്തിൽ യേശുവിന്റെ അത്ഭുതങ്ങൾ എന്തിനെന്ന തിരിച്ചറിവ് നമുക്കുണ്ടാകേണം. ദൈവരാജ്യം സ്ഥാപിക്കുക എന്നതാണ് യേശുവിന്റെ സുപ്രധാനലക്ഷ്യം. ലോകരാജ്യത്തിലും സാത്താന്റെ രാജ്യത്തിലുമാണ് പാപാന്ധകാരത്തിൽ കഴിയുന്ന മാനവകുലം. അവരുടെ ഹൃദയം പാപാന്ധാകരത്തിലാണ്. അനുതാപത്തിലൂടെയും യഥാർത്ഥ മാനസാന്തരത്തിലൂടെയും, യേശുവിന്റെ സുവിശേഷം കേട്ടും അവനിൽ വിശ്വസിച്ചും പ്രകാശത്തിലേക്കും സത്യം നൽകുന്ന സ്വാതന്ത്ര്യത്തിലേക്കും മനുഷ്യർ വരേണ്ടതുണ്ട്. ആ വരവിനൊരുങ്ങുമ്പോൾ മുതൽ ക്രിസ്തു അവരുടെ ജീവിതത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ തുടങ്ങും. രോഗസൗഖ്യമായും സമാധാനമായും അവർക്ക് അനുഭവങ്ങൾ തുടങ്ങും. പരിശുദ്ധാത്മാവ് പ്രവർത്തിച്ചു തുടങ്ങും എന്നർത്ഥം. "കാലം തികഞ്ഞു. ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്ന് മർക്കോ.1:15-ൽ പറഞ്ഞിരിക്കുന്നുവല്ലോ. ക്രിസ്തുവിന്റെ വചനത്തിലൂടെയും, പ്രവൃത്തികളിൽപെട്ട അത്ഭുതങ്ങളിലൂടെയും അവിടുത്തെ മരണപുനരുത്ഥാനങ്ങളിലൂടെയും ഈ ദൈവരാജ്യം സ്ഥാപിതമാകുകയാണ്.

ദൈവം ഭരിക്കുന്ന അവസ്ഥയാണ് ദൈവരാജ്യം. സാത്താനാലും ലോകമോഹങ്ങളാലും പാപന്ധകാരത്താൽ അവയിൽനിന്നുണ്ടാകുന്ന ഭയം, നിരാശ, കോപം, ആത്മഹത്യാ പ്രവണത മുതലായവയാലും പരാജയബോധങ്ങളാലും നിറഞ്ഞിരിക്കുന്ന മാനവകുലത്തിന്റെ വിമോചനം മാത്രമാണ് യേശുവിന്റെ ലക്ഷ്യം, ദൈവരാജ്യചിന്ത ഈ സമൂല പരിവർത്തനമാണ്. പഴയനിയമത്തിൽ തന്നെ ദൈവം ഇക്കാര്യം പറഞ്ഞിരിക്കുന്നു. "ആകയാൽ നിങ്ങൾ എന്റെ വാക്കുകേട്ട് അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്ക് സകലജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും; ഭൂമിയൊക്കെയും എനിക്കുള്ളതല്ലോ. നിങ്ങളൊക്കെയും എനിക്ക് പുരോഹിതരാജ്യവും വിശുദ്ധജനവും ആകും. ഇവ നീ യിസ്രയേൽമക്കളോട് പറയേണ്ടുന്ന വചനങ്ങളാകുന്നു" (പുറ.19:5,6). സാധാരണക്കാരും ദു:ഖിതരുമായവരെ ദൈവവചനം കേൾപ്പിച്ച് അനുസരിപ്പിച്ചും പ്രമാണിപ്പിച്ചും സ്വന്തജനവും പുരോഹിതരുമാക്കുക എന്നതാണ് ദൈവത്തിന്റെ പദ്ധതി, എങ്കിൽ, ആ ഉയർന്ന നിലവാരത്തിലേക്ക് അവരെ കൊണ്ടുവരുന്ന ആത്മീയജോലിക്ക് വേഗത വർദ്ധിപ്പിക്കാനാണ് അത്ഭുതങ്ങളും അടയാളങ്ങളും.

**ദൈവരാജ്യം സമാഗതമായതിന്റെ അടയാളങ്ങളാണ് അത്ഭുതങ്ങൾ**

"ഞാൻ യിസ്രയേൽഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം




വരും എന്ന് യഹോവയുടെ അരുളപ്പാട്'' (യിര.31:31, എബ്രാ.8:8,10). ആ പുതിയനിയമം ബൈബിളിലെ പുതിയനിയമവും യേശുമിശിഹായുടെ ആഗമനവും ആകുന്നു. മത്താ.11:4-ൽ വ്യക്തതയോടെ സ്നാപകയോഹന്നാന്റെ ശിഷ്യന്മാരോട് യേശു പറയുന്നു. "കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോട് സുവിശേഷം അറിയിക്കുന്നു." യേശുക്രിസ്തുവും ദൈവരാജ്യവും രണ്ടല്ല. ദൈവരാജ്യത്തിന്റെ ആഗമനത്തോടെ അഥവാ യേശുക്രിസ്തുവിന്റെ വരവോടെ ഇവിടെ ഇതിനു മുമ്പൊരിക്കലും കേട്ടുകേൾവിയില്ലാത്ത, മത്താ.11:4,5 വാക്യങ്ങളിൽ പറഞ്ഞ കാര്യങ്ങൾ സംഭവിക്കും. ഇന്നും യേശു മാനവഹൃദയങ്ങളിലെത്തുന്നതോടെ അത്തരം അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നു. നടന്നുകൊണ്ടിരിക്കുന്നു. മിശിഹായുഗത്തിൽ സംഭവിച്ച അത്ഭുതങ്ങളും അടയാളങ്ങളും ഈ കാലത്തിലും പക്കാസുവിശേഷം കേൾക്കുകയാണെങ്കിൽ ഇന്നും യെശയ്യാവ് പറഞ്ഞത് പോലെ സംഭവിക്കുന്നു. "അന്ന് കുരുടന്മാരുടെ കണ്ണ് തുറന്നുവരും, ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല, അന്ന് മുടന്തൻ മാനിനെപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ച് ഘോഷിക്കും; മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്ത് തോടുകളും പൊട്ടിപ്പുറപ്പെടും. മരീചിക ഒരു പൊയ്കയായും വരണ്ട നിലം നീരുറവയായും തീരും'' (യെശയ്യാ.35:6,7; 42:18, 61:1,2). ഇക്കാര്യങ്ങളെല്ലാം തന്നിലൂടെ നിറവേറുന്നതായി ലൂക്കോ.4:18,19-ൽ യേശുതന്നെയും പറയുന്നു. ''ദരിദ്രരോട് സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേലുണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിക്കുവാനും പീഡിതന്മാരെ വിടുവിച്ചയക്കുവാനും, കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുവാനും എന്നെ അയച്ചിരിക്കുന്നു'' (യെശ.61:1,2). അതായത് ദൈവരാജ്യം തന്നിൽ നിറവേറുകയാണെന്ന് യേശു അവകാശപ്പെടുന്നു.

**ദൈവരാജ്യത്തിന്റെ പൂർത്തീകരണം**

പുതിയ ആകാശവും പുതിയഭൂമിയും വരുന്നതോടുകൂടിയാണ് ദൈവരാജ്യത്തിന്റെ പൂർത്തീകരണം. "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു" (വെളി.21:1) ഈ വാക്യം (യെശ.65:17, 66:22, 2 പത്രൊ.3:13, വെളി.21:1) ഉണ്ടായതോടെ നിത്യത നമുക്കെത്തിപ്പിടിക്കാവുന്ന ദൂരത്തിരിക്കുന്നു. അഗ്നിശോധനയിലൂടെ പുന:സംവിധാനം ചെയ്യപ്പെട്ട പുതിയ പ്രപഞ്ചഭാഗത്തെയാണ് പുതിയ ആകാശമെന്നും പുതിയ ഭൂമിയെന്നും പറയുന്നത്. 2 പത്രൊ.3:7-ൽ ഇപ്പോഴത്തെ ആകാശത്തിനും ഭൂമിക്കും വരാൻ പോകുന്നതെന്തെന്ന് എഴുതിയിട്ടുണ്ട്. ''ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിക്കാനുള്ള ദിവസത്തേക്ക് കാത്തിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു."

ഈ ലോകം സുസ്ഥിരമായ ഒന്നല്ല. ജലപ്രളയ കാലമായ നോഹയുടെ കാലത്ത് വെള്ളത്താലത് നശിച്ചു. ഇനി ഏറ്റവും അടുത്ത് അത് തീയാൽ നശിക്കാനിരിക്കുന്നു (യോവേ.2:30, സങ്കീ.50:3, യെശ.29:6, യെശ.30:30, യെശ.66:15,16, നഹൂം.1:5,6, മലാ.4:1, സെഫ.3:8, മത്താ.25:41). എഫേ.6:12 – "നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രെ". ഈ അന്തരീക്ഷം മുഴുവൻ രോഗാണുക്കളുടെയും വിഷാണുക്കളുടെയും സാത്താന്റെയും വിഹാരരംഗമാണ്. ആകാശത്തിൽ ഓസോൺലെയർ, ആപ്പിൾടൺ ലെയർ എന്നു തുടങ്ങി പല തട്ടുകളുണ്ടെന്ന് ശാസ്ത്രം തന്നെ കണ്ടുപിടിച്ചിരിക്കുന്നു. ഈ ആകാശത്തട്ടുകളെല്ലാം അഗ്നിയാൽ ശുദ്ധീകരിക്കപ്പെടും. ആയിരാമാണ്ടുവാഴ്ചക്കാലം എന്ന സഹസ്രാബ്ദയുഗത്തിൽ ആണിവിടെ പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകുന്നത്. പൗലൊസ് ഗലാ.4:6-ൽ പറഞ്ഞിട്ടുണ്ട്. "മീതെയുള്ള യെരുശലേമൊ സ്വതന്ത്രയാകുന്നു. അവൾ തന്നെ നമ്മുടെ അമ്മ." ഈ പുതിയ യെരുശലേം വെളി.21:2-ൽ "പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽ നിന്നുതന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു." വെളി.21:3-ൽ "ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം" എന്നും നാം വായിക്കുന്നു. ഏദെനിൽ ദിവസവും ദൈവം ഇറങ്ങിവന്ന് മനുഷ്യരോടുകൂടെ നടക്കുമായിരുന്നു

## 13 വർഷങ്ങൾക്കുശേഷം തലമുറയെ ലഭിച്ചു




**സുരേന്ദ്രൻ & ശാലിനി. തലശ്ശേരി. Ph:9539422395**

എന്റെ പേര് സുരേന്ദ്രൻ. ഭാര്യയുടെ പേര് ശാലിനി. ഞങ്ങൾ തലശ്ശേരിക്കടുത്ത് കാരാട്ടുപുറം എന്ന സ്ഥലത്താണ് താമസിക്കുന്നത്. ഞങ്ങൾക്ക് കർത്താവിന്റെ കൃപയാൽ ഒരു കുഞ്ഞിനെ ലഭിച്ച കാര്യമാണ് പ്രിയ ആത്മാഭിഷേകം വായനക്കാരോട് പങ്കുവയ്ക്കുന്നത്. കുഞ്ഞിന്റെ പേര് സ്നിയ. ഞങ്ങൾക്ക് വിവാഹം കഴിഞ്ഞിട്ട് 13 വർഷമായി കുഞ്ഞുങ്ങളില്ലായിരുന്നു. ചികിത്സകൾ ധാരാളം ചെയ്തു. പക്ഷെ യാതൊരു ചികിത്സയും ഫലിച്ചില്ല. അങ്ങനെ ഞങ്ങൾ വിഷമിച്ചിരിക്കുന്ന അവസ്ഥയിൽ ഇനി പ്രാർത്ഥന മാത്രമാണ് ആശ്രയം എന്ന ബോധ്യത്തിലേക്കു വന്നു. അങ്ങനെയിരിക്കെയാണ് 2012-ൽ ഇരിട്ടിയിലുള്ള അമൃത കോംപ്ലക്സിൽ ദേവസ്യാ മുല്ലക്കര സാറിന്റെ പ്രാർത്ഥനാ ശുശ്രൂഷ നടക്കുന്നതറിഞ്ഞത്. ഞങ്ങൾ ആ പ്രാർത്ഥനയിൽ പങ്കെടുക്കുകയും വ്യക്തിപരമായ പ്രാർത്ഥനയിൽ ദൈവം സാറിലൂടെ ഒരു പ്രവചനം തരികയും ചെയ്തു. അതുപ്രകാരം ഞങ്ങളോട് മൂന്നു മാസത്തിനുള്ളിൽ ഉദരത്തിൽ ഒരു കുഞ്ഞിനെ ലഭിക്കുമെന്ന് സാർ പറയുകയുണ്ടായി. ഞങ്ങൾ കർത്താവ് തന്ന ആ വെളിപാട് വിശ്വസിക്കുകയും കർത്താവിനെ ആരാധിക്കുകയും ചെയ്തപ്പോൾ ഞങ്ങളുടെ വിശ്വാസത്തെ കർത്താവ് മാനിച്ചു. മൂന്നു മാസങ്ങൾക്കുള്ളിൽത്തന്നെ ഉദരത്തിൽ കുഞ്ഞിനെ ലഭിച്ചു. ഇപ്പോൾ ഞങ്ങൾ മതം മാറുകയോ പേരുമാറുകയോ ചെയ്യാതെ കർത്താവിനെ രക്ഷകനും നാഥനുമായി സ്വീകരിച്ചു സമാധാനപൂർണ്ണമായ ജീവിതം നയിക്കുന്നു. ഞങ്ങളെ ഈ വിധം അനുഗ്രഹിച്ച കർത്താവിനെ എല്ലാവരും അറിയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.



**2017 മെയ് 22 മുതൽ 26 വരെ പുളിങ്ങോം വചനാശ്രമത്തിൽ വച്ചു നടന്ന വരദാനവളർച്ചാ ധ്യാനത്തിൽ നിന്നും**




(ഉല്പ.3:8). ആദ്യം ഹവ്വായ്ക്കും ചേർന്ന് ആദത്തിനും പാപം സംഭവിച്ചതോടെ ദൈവസാന്നിധ്യത്തിന്റെ മാറ്റു കുറഞ്ഞു. പിന്നെ ദൈവം ക്രിസ്തുവായി വന്നു. ക്രിസ്തുവും ഉയിർത്തെഴുന്നേറ്റ് ആത്മാവായി മാറി (1 കൊരി.15:45). പിന്നെ പരിശുദ്ധാത്മാവ് ഇവിടെയുണ്ടെങ്കിലും ദൈവത്തോട് അഥവാ ക്രിസ്തുവിനോട് നമ്മെ അടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. സഹസ്രാബ്ദയുഗത്തിൽ വീണ്ടും മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം ക്രിസ്തുവായി ഇറങ്ങിവരുന്നത് വെളി.21:3-ൽ പറയുകയായിരുന്നു.

## അത്ഭുതങ്ങളുടെ മൂല്യം

യേശു മരിച്ചവരെ ഉയിർപ്പിച്ച മൂന്ന് സംഭവങ്ങൾ നാം എഴുതിയിരുന്നത് വായിച്ചുവല്ലോ. മരണത്തിൻമേലുള്ള യേശുവിന്റെ അധികാരവും വിജയവുമാണ് അവിടെ നാം മനസ്സിലാക്കേണ്ടത്. പിശാചുബാധയിൽനിന്ന് യേശു മോചനം നൽകുമ്പോൾ സാത്താന്റെ ഭരണത്തിന്റെ അന്ത്യം കുറിയ്ക്കുകയാണ്. പ്രകൃതിയുടെ ക്രൂരതയിൽനിന്നും വിശപ്പിന്റെ വെല്ലുവിളിയിൽനിന്നുമെല്ലാം യേശു മോചനം നൽകുന്നതാണ്, ആ സംഭവങ്ങളിലൂടെ. കൊടുങ്കാറ്റിനെ ശാസിക്കുമ്പോഴും അപ്പം വർദ്ധിപ്പിക്കുമ്പോഴും സർവ്വശക്തനായ മറ്റൊരു ദൈവവുമില്ലെന്നും കൂടെ യേശുവാകുന്ന യഹോവ തീരുമാനിക്കുകയാണ്, വിളി കിട്ടിയവരും.

പ്രകൃതിയുടെ ബഹളം, രോഗത്തിന്റെ വേദനകൾ, മരണത്തിന്റെ അപ്രതിരോധ്യമായ കടന്നുവരവ്, എത്ര ശ്രമിച്ചാലും വീണ്ടും വീണ്ടും പാപം ചെയ്തുപോകുന്ന അവസ്ഥകൾ, സാത്താന്റെ കുടില തന്ത്രങ്ങൾ എന്നുതുടങ്ങിയ എല്ലാത്തിനും പരിഹാരം യേശുക്രിസ്തു മാത്രമാണ്. അവന്റെ ക്രൂശിതമരണവും ഉയിർപ്പും പരിശുദ്ധാത്മപ്രേഷണവും ആണ്. ലോകത്തിലെ യാതൊരു മതങ്ങൾക്കോ മതഗ്രന്ഥങ്ങൾക്കോ മനുഷ്യന്റെ ആചാരാനുഷ്ഠാനങ്ങൾക്കോ പുണ്യപ്രവൃത്തികൾക്കോ തത്വജ്ഞാനത്തിനൊ ഒരു ഉറുമ്പിനേപ്പോലും കൊല്ലാതെയിരുന്നുകൊണ്ടുള്ള അതിവിശുദ്ധമെന്നു തോന്നുന്ന പുണ്യപ്രവൃത്തികൾക്കൊ യാതൊന്നിനുമോ പരിപൂർണ്ണവിടുതൽ നൽകാൻ കഴികയില്ല, യേശുവിനുമാത്രമെ അതൊക്കെ ചെയ്യാൻ കഴിയൂ. അവനിലും അവന്റെ ക്രൂശുമരണത്തിലും ഉത്ഥാനത്തിലും പരിശുദ്ധാത്മാവിനെ അയയ്ക്കലിലും വീണ്ടും വരവിലും വിശ്വസിച്ച് അവനെ മാത്രം, ആരാധിക്കുന്നതിലൂടെയും മാത്രമാണ്, നാം ആ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നത്.

രക്ഷാകരചരിത്രത്തിന്റെയും ദൈവീകവെളിപ്പാടിന്റെയും പൂർണ്ണതയായി ദൈവം തന്നെ മനുഷ്യചരിത്രത്തിലേക്ക് കടന്നുവന്ന സംഭവമാണ് ക്രിസ്തുസംഭവം. ഏദെൻ തോട്ടത്തിൽ താൻ സൃഷ്ടിച്ച പഴയസൃഷ്ടിക്കുപകരം സൃഷ്ടാവായിരിക്കെതന്നെ സൃഷ്ടികളുടെ കൂട്ടത്തിൽ വാസമുറപ്പിക്കുകയായിരുന്നു ക്രിസ്തു; വീണ്ടും, സൃഷ്ടികളിൽ മാനവഹൃദയത്തിൽ മാത്രമെ, വസിക്കുവാൻ ഈ ദൈവത്തിന് താല്പര്യമുള്ളു, മറ്റൊന്നിനും ആത്മാവില്ല, മനുഷ്യനുമാത്രെയുള്ളൂ. അതുകൊണ്ട് അവന്റെ പാപപരിഹാരത്തിനും ലോകദു:ഖപരിഹാരത്തിനും വേറെ വഴിയൊന്നുമില്ലായ്കയാൽ അപ്രകാരം ക്രൂശിതമരണം സംഭവിപ്പിച്ച്, ഉത്ഥാനവും ചെയ്ത്, പരിശുദ്ധാത്മാവിനെ അയച്ച്, നമുക്ക് നിത്യതയും, ഈ ദൈവം ഒരുക്കുകയാണ്. ദൈവപുത്രന്റെ അത്ഭുതങ്ങളും അടയാളങ്ങളും ഈ ദൈവരാജ്യസ്ഥാപനത്തിന് ഓജസ്സും തേജസ്സും പകരുന്നു.

## അപ്പൊസ്തലന്മാർക്കും കൃപാവരങ്ങൾ

അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള വരം യേശു അപ്പൊസ്തലന്മാർക്ക് കൊടുത്തുകൊണ്ട് കല്പിച്ച ഒന്ന് രണ്ട് വചനങ്ങൾ കുറിക്കാം. "ഈ പന്ത്രണ്ട് പേരെയും യേശു അയയ്ക്കുമ്പോൾ അവരോട് ആജ്ഞാപിച്ചതെന്തെന്നാൽ ജാതികളുടെ അടുക്കൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രയേൽഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കൽതന്നെ ചെല്ലുവിൻ. നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രസംഗിക്കുവിൻ. രോഗികളെ സൗഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പിക്കുവിൻ; കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്ക് ലഭിച്ചു, സൗജന്യമായി കൊടുക്കുവിൻ" (മത്താ.10:5-8). "നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിലകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ



**ശ്രുതി.**
**ചെന്നൈ.**
**PH: 9840694345**



**ജോമോൾ.**
**കാസർഗോഡ്.**
**Ph: 8547799533.**

എന്റെ പേര് ശ്രുതി. ഞാൻ ചെന്നൈയിലാണ് താമസം. ഏകദേശം രണ്ട് വർഷങ്ങൾക്കുമുമ്പ് എനിക്ക് തലയിൽ ഒരു ഓപ്പറേഷൻ ചെയ്യുവാനിടയായി. അതിനു ശേഷം എനിക്ക് മൂക്കിൽ കൂടി ഒരു ഫ്‌ളൂയിഡ് വരുവാൻ തുടങ്ങി. തന്മൂലം എനിക്ക് ഭയങ്കര ബുദ്ധിമുട്ടായിരുന്നു. അങ്ങനെ ഞാൻ മാനസികമായി വളരെ തകർന്നിരിക്കുമ്പോഴാണ് എന്റെ ഒരു സുഹൃത്തിലൂടെ ദേവസ്യാമുല്ലക്കരസാറിന്റെ ദൈവവചനശുശ്രൂഷയെക്കുറിച്ച് അറിയുന്നതും പോകുവാനിടയായതും. ഞാൻ ആ ധ്യാനത്തിൽ പങ്കെടുക്കുകയും എന്റെ ദൈവമായ കർത്താവ് എന്നെ ആ നിമിഷം മുതൽ സ്പർശിക്കുകയും ചെയ്തു. തുടർച്ചയായി വന്നുകൊണ്ടിരുന്ന ഫ്‌ളൂയിഡിന്റെ അളവു കുറയുകയും കുറെ സമയം വരാതെയിരിക്കുകയും പിന്നീട് തീരെ വരാതെ ആ അസുഖം നിശ്ശേഷം മാറിപ്പോയി. ഇത്രയും വലിയ അനുഗ്രഹം തന്ന കർത്താവിനെ ഞാൻ സ്തുതിക്കുന്നു. ഞാൻ ചെന്നൈ ആത്മാഭിഷേകം ചർച്ചിൽ ആരാധനയിലും പങ്കെടുക്കുന്നു.

ഞാൻ ജോമോൾ. കാസർഗോഡ് ജില്ലയിൽ ചിറ്റാരിക്കാലിനടുത്ത് കുന്നുംകൈ എന്ന സ്ഥലത്ത് താമസിക്കുന്നു. എനിക്ക് എട്ടുവർഷത്തോളമായി വയറിനകത്ത് കഠിനമായ വേദനയും വയറ്റിൽ ഒരു ചെറിയ തടിപ്പും ഉണ്ടായിരുന്നു. ഇതുകൂടാത നട്ടെല്ലിന്റെ കണ്ണികൾ പരസ്പരം ഒട്ടിയിരിക്കുന്ന ഒരവസ്ഥയുമായിരുന്നു. ഇതുകാരണം എന്റെ നടുവിനും വയറിനും ഭയങ്കര വേദനയായിരുന്നു. അങ്ങനെ മംഗലാപുരം ഹോസ്പിറ്റലിൽ ചികിത്സക്കു പോയി. അവിടെ നിന്നും ഒരുപാട് ഗുളികകളും മരുന്നുമൊക്കെ തന്നു. അത് കഴിച്ചതുകൊണ്ടൊന്നും എന്റെ രോഗത്തിന് കുറവുണ്ടായില്ല. ഫെബ്രുവരിമാസത്തിൽ ആത്മാഭിഷേകം പുളിങ്ങോം ചർച്ചിൽ ദേവസ്യാസാർ വന്നപ്പോൾ അവിടെ നടന്ന പ്രാർത്ഥനാശുശ്രൂഷയിൽ സാർ എനിക്കു വേണ്ടി പ്രാർത്ഥിച്ചു. ഇന്നും ജീവിക്കുന്ന ദൈവം എന്നെ അത്ഭുതകരായി സുഖപ്പെടുത്തി,





To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

**ചർച്ച് ഓഫ് ഇറ്റേണിറ്റി**
**A/c No: 1034 0100 205 721**
**ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,**
**എറണാകുളം, IFSC Code : FDRL 000 1034**

**Church of Eternity**
**A/c No: 1034 0100 205 721**
**Federal bank, Trikkakkara Branch**
**Ernakulam, IFSC Code : FDRL 000 1034**




നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും. പുതുഭാഷകളിൽ സംസാരിക്കും. സർപ്പങ്ങളെ പിടിച്ചെടുക്കും. മരണകരമായ യാതൊന്നും കുടിച്ചാലും അവർക്ക് ഹാനി വരികയില്ല. രോഗികളുടെമേൽ കൈവെച്ചാൽ അവർക്ക് സൗഖ്യം വരും എന്നു പറഞ്ഞു" (മർക്കോ.16:15-18).

എങ്ങനെയാണ് അപ്പൊസ്തലന്മാർ ഇത് ചെയ്യുക. അവർ വെറും മനുഷ്യരല്ലേ? യേശുവിന്റെ നാമത്തിലാണ് അപ്പൊസ്തലന്മാർ ശുശ്രൂഷകൾ ചെയ്യുന്നത്. "അവന്റെ നാമത്തിലെ വിശ്വാസത്താൽ അവന്റെ നാമം തന്നെ നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഇവൻ ബലം പ്രാപിക്കാൻ കാരണമായിത്തീർന്നു" (അപ്പൊ,3:16).


**വ്യാജപ്രവാചകന്റെ കാര്യമൊ?**

"അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവന്റെയടുക്കൽ വന്നു. അത് എപ്പോൾ സംഭവിക്കും? എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും പറഞ്ഞുതരണം എന്നും അപേക്ഷിച്ചു. അതിന് യേശു ഉത്തരം പറഞ്ഞത് ആരും നിങ്ങളെ തെറ്റിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ. ഞാൻ ക്രിസ്തു എന്ന് പറഞ്ഞ് അനേകർ എന്റെ പേർ എടുത്തുവന്ന് പലരെയും തെറ്റിക്കും............... അന്ന് ആരാനും നിങ്ങളോട്: ഇതാ ക്രിസ്തു, ഇവിടെ, അല്ല, അവിടെ എന്ന് പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കുവാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോട് പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട് അവൻ മരുഭൂമിയിലുണ്ടെന്ന് പറഞ്ഞാൽ പുറപ്പെടരുത്. ഇതാ അറകളിൽ എന്ന് പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കുനിന്ന് പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രൻ ആകും. ശവമുള്ളേടത്ത് കഴുക്കൾ കൂടും" (മത്താ.24:3-28).

ഇക്കാലത്തെ, കൈകൊണ്ട് തലയിൽ അനുഗ്രഹിക്കുകയാണെന്ന അർത്ഥത്തിൽ പൈശാചിക അമർത്തലുകൾ നൽകി, മാനസാന്തരപ്പെട്ട് വീണ്ടുംജനിച്ച് സ്നാനവുമെടുക്കാത്ത, ജാതീയരായവരെ, വീഴിക്കുന്ന ബിഷപ്പുമാരും പാസ്റ്റർമാരും വഞ്ചനയുടെ മാർഗ്ഗങ്ങളാണു പയോഗിക്കുന്നത്. മർക്കോ. 13:22-ൽ അവരെപ്പറ്റി പറഞ്ഞിരിക്കുന്നു. ഗീവർഗ്ഗീസ് പുണ്യവാളന് കോഴിനേർച്ച കൊടുക്കുന്നവരും പരുമലതിരുമേനിക്ക് മറ്റ് പലതും കൊടുക്കുന്നവരും ഇക്കൂട്ടത്തിലാണ്. "കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കുവാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും."

എങ്ങനെയായിരിക്കണം ശുശ്രൂഷ. ക്രിസ്തു ചെയ്തപോലെയും ക്രിസ്തു ഏല്പിച്ചതുപോലെയും ആയിരിക്കണം. മുന്തിയ അഭിഷേകം കിട്ടിയെന്നു വരുത്തുവാനും വചനപരിജ്ഞാനമില്ലാതെ യാക്കബൈറ്റ്, ഓർത്തഡോക്സ്, മർത്തോമാസഭകളിൽ വല്ലവിധത്തിലും ആരാധനാജീവിതം നയിക്കുന്നവരും, ധനവാന്മാരും പ്രശ്നങ്ങളുള്ളവരുമായ ആളുകളാണ് ഈ ഊതിവീഴ്ത്തൽ നേതാക്കന്മാരെ, കേരളത്തിൽ കൂടുതൽ സമീപിക്കുന്നത്. അവർക്ക് വിശ്വാസസ്നാനവും വേണ്ടാ, വിശുദ്ധജീവിതവും വേണ്ട. അവർ മൈക്ക് മേടിച്ച് തരികയോ വീടും സ്ഥലവും മേടിച്ച് തരികയോ ഒക്കെ ചെയ്യും. എന്നും ടിവിപ്രോഗ്രാം സ്പോൺസർ ചെയ്യുക മാത്രമല്ല ടിവിചാനൽ തന്നെ കോടാനുകോടികൾ മുടക്കി മേടിച്ചുതന്നെന്നിരിക്കും. അത്തരക്കാർക്ക് കൊടുക്കുവാൻ പ്രവചനവരവും അത്ഭുതപ്രവർത്തനവും സാത്താൻ, താൻ ദൈവമാണെന്ന് നടിച്ച് (2 തെസ്സ.2) വ്യാജവ്യാപാരത്താൽ ശുശ്രൂഷകർക്കും ചെയ്തുതരും. അന്യഭാഷയും സാത്താൻ തന്നെന്നിരിക്കും. ഏലിയാവിന്റെ പുതപ്പാണെന്നും പറഞ്ഞ് അതും തന്നെന്നിരിക്കും. സ്റ്റേജിൽനിന്നുകൊണ്ട് സാത്താനോട് സംസാരിച്ചെന്നിരിക്കും. വെള്ളമോ എണ്ണയോ നിറച്ച കുപ്പിക്കകത്തുനിന്നൊഴിച്ച് മറ്റുള്ളവരിലേക്ക് ഒഴിച്ചുകഴിയുമ്പോൾ അവർ മുകളിലേക്കും താഴേക്കും പൊങ്ങിയും താണും ചാടിമറിഞ്ഞുവെന്നുമിരിക്കും.

ഇവർക്കാർക്കും ഒരു പാപത്തെ പരാജയപ്പെടുത്തുവാനൊ മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനൊ എല്ലാവരോടും ക്ഷമാസ്നേഹം കാഴ്ചവെയ്ക്കാനൊ മദ്യത്തെയെങ്കിലും ഒഴിവാക്കാനൊ ഒരിക്കലും കഴിയുന്നില്ലെന്ന് അവരെയൊക്കെ ഫോളോഅപ്പ് ചെയ്താലറിയാം. ഇതാ അനുഗ്രഹം, ഇതാ സമ്പത്ത് യേശുവിനെ ഒന്ന് വിളിച്ചാൽ മാത്രം മതി എന്നു പറയുന്ന ടീമുകൾ അനുദിനം



Fundamental Knowledge of True Theology - Chapter : 24

# ക്രിസ്തുശാസ്ത്രം ഭാഗം 2

## Christology Part-2

വീടുകൾതോറും കയറിയിറങ്ങി ദശാംശം പിരിക്കുന്നവർ, സ്തോത്രക്കാഴ്ചയെപ്പറ്റിയും ദശാംശത്തെപ്പറ്റിയും ഗീർവ്വാണപ്രസംഗങ്ങൾ നടത്തുന്നവർ, അവരൊക്കെയും, തിന്നുകുടിച്ച് പണമേറെ സമ്പാദിച്ച് സമ്പന്നരാകുന്നുണ്ട് എന്നതല്ലാതെ ഇവരുടെയൊക്കെ പുറകെ നടക്കുന്ന ഭക്തന്മാരായ 'കോരന്മാർ പിന്നെയും കുമ്പിളിൽ തന്നെ കഞ്ഞി കുടിക്കുന്ന' രംഗമാണ് എവിടെയും കാണുന്നത്. യഥാർത്ഥ അത്ഭുതങ്ങളെ വഞ്ചനയുടെ അത്ഭുതങ്ങളിൽ നിന്നും തിരിച്ചറിയുവാനുള്ള മാർഗ്ഗം ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയുക എന്നുള്ളതാണ്. മത്താ.7:15–20–ൽ നാം ഇങ്ങനെ വായിക്കുന്നു. "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ. അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു .അകമെയൊ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്കവരെ തിരിച്ചറിയാം. മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലിൽനിന്ന് അത്തിപ്പഴവും പറിക്കാറുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമൊ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന് നല്ല ഫലവും കായ്ക്കുവാൻ കഴിയുകയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിലിടുന്നു" (മത്താ.15:20).

**പുറപ്പാടും പുതിയനിയമവും**

പഴയനിയമത്തിലെ പുറപ്പാടുപുസ്തകത്തിലെ അത്ഭുതങ്ങളും പുതിയനിയമത്തിലെ മേലെഴുതിയവയും അപ്പൊസ്തലപ്രവർത്തനങ്ങളിലെ അത്ഭുതങ്ങളുമാണ് ലോകചരിത്രത്തിലെ ദിവ്യങ്ങളായ മഹാത്ഭുതങ്ങൾ. പുറപ്പാട്സംഭവത്തോടനുബന്ധിച്ച് നടക്കുന്ന ചെങ്കടലിന്റെ വിഭജനം, മരുഭൂമിയിലെ മന്നയും, പാറയിൽനിന്നും ജലപ്രവാഹമുണ്ടായതുമെല്ലാം, യഹോവയിൽ ജനം വിശ്വസിച്ച് ചേർന്ന് ചേർന്ന് നിൽക്കുവാൻവേണ്ടിയുള്ള ആത്മീയ അത്ഭുത അടയാളങ്ങളായിരുന്നു. പുറ.14–ാം അദ്ധ്യായത്തിൽ 15 മുതലുള്ള തിരുവെഴുത്തുകൾ കുറിക്കാം. "അപ്പോൾ യഹോവ മോശെയോട് അരുളിച്ചെയ്തത്. നീ എന്നോട് നിലവിളിക്കുന്നതെന്ത്? മുമ്പോട്ടു പോകുവാൻ യിസ്രയേൽജനത്തോട് പറയുക. വടിയെടുത്ത് നിന്റെ കൈ കടലിൻമേൽ നീട്ടി അതിനെ വിഭാഗിക്ക; യിസ്രയേൽമക്കൾ കടലിന്റെ നടുവേ, ഉണങ്ങിയ നിലത്തുകൂടി കടന്നുപോകും. എന്നാൽ ഞാൻ മിസ്രേമ്യരുടെ ഹൃദയത്തെ കഠിനമാക്കും; അവർ ഇവരുടെ പിന്നാലെ ചെല്ലും; ഞാൻ ഫറവോനിലും അവന്റെ സകല സൈന്യത്തിലും അവന്റെ രഥങ്ങളിലും കുതിരപ്പടകളിലും എന്നെത്തന്നെ മഹത്വപ്പെടുത്തും. ഇങ്ങനെ ഞാൻ ഫറവോനിലും അവന്റെ രഥങ്ങളിലും കുതിരപ്പടകളിലും എന്നെത്തന്നെ മഹത്വപ്പെടുത്തുമ്പോൾ ഞാൻ യഹോവയായിരുന്നു എന്ന് യിസ്രയേല്യർ അറിയും. അനന്തരം യിസ്രയേല്യരുടെ മുമ്പാകെ നടന്ന ദൈവദൂതൻ, അവിടെനിന്നുമാറി അവരുടെ പിന്നാലെ നടന്നു; മേഘസ്തംഭവും അവരുടെ മുന്നിൽ നിന്നുമാറി പിമ്പിൽ പോയി നിന്നു. രാത്രി മുഴുവൻ മിസ്രേമ്യരുടെ സൈന്യവും യിസ്രയേല്യരുടെ സൈന്യവും തമ്മിൽ അടുക്കാതെവണ്ണം അത് അവരുടെ മദ്ധ്യേ നിന്നു. അവർക്ക് മേഘവും, അന്ധകാരവും ആയിരുന്നു. ഇവർക്കോ രാത്രിയെ പ്രകാശമാക്കിക്കൊടുത്തു. മോശെ കടലിന്മേൽ കൈ നീട്ടി; യഹോവ അന്ന് രാത്രി മുഴുവൻ മഹാശക്തിയുള്ളൊരു കിഴക്കൻകാറ്റുകൊണ്ട് കടലിനെ പിൻവാങ്ങിച്ച് ഉണങ്ങിയ നിലമാക്കി; അങ്ങനെ വെള്ളം തമ്മിൽ വേർപിരിഞ്ഞു. യിസ്രയേൽമക്കൾ കടലിന്റെ നടുവിന് ഉണങ്ങിയ നിലത്തുകൂടി നടന്നുപോയി; അവരുടെ **ഇടത്തും വലത്തും വെള്ളം** മതിലായിനിന്നു.

മിസ്രേമ്യർ പിന്തുടർന്നു; ഫറവോന്റെ കുതിരയും രഥങ്ങളും കുതിരപ്പടയുമെല്ലാം അവരുടെ പിന്നാലെ കടലിന്റെ നടുവിലേക്ക് ചെന്നു. പ്രഭാതയാമത്തിൽ യഹോവ അഗ്നിമേഘസ്തംഭത്തിൽ നിന്ന് മിസ്രേമ്യ സൈന്യത്തെ നോക്കി. മിസ്രേമ്യസൈന്യത്തെ താറുമാറാക്കി. അവരുടെ രഥചക്രങ്ങളെ തെറ്റിച്ച് ഓട്ടം പ്രയാസമാക്കി. അതുകൊണ്ട് മിസ്രേമ്യർ നാം യിസ്രയേലിനെ വിട്ട് ഓടിപ്പോക; യഹോവ അവർക്കുവേണ്ടി മിസ്രേമ്യരോട് യുദ്ധംചെയ്യുന്നു എന്നു പറഞ്ഞു.

അപ്പോൾ യഹോവ മോശെയോട് വെള്ളം മിസ്രേമ്യരുടെ മേലും അവരുടെ രഥങ്ങളിൻമേലും കുതിരപ്പടയുടെമേലും മടങ്ങിവരേണ്ടതിന് കടലിൻമേൽ കൈ നീട്ടുക എന്ന് കല്പിച്ചു. മോശെ കടലിന്മേൽ കൈ നീട്ടി. പുലർച്ചക്ക് കടൽ അതിന്റെ സ്ഥിതിയിലേക്ക് മടങ്ങിവന്നു.



## ഓപ്പറേഷൻ നീങ്ങിപ്പോയി, പ്രാർത്ഥനയാൽ മുഴ മാറി

പ്രമീള.
(നീലേശ്വരം)
Ph:9446207937

എന്റെ പേര് പ്രമീള. ഞാൻ തിരുവനന്തപുരം സ്വദേശിനിയാണ്. ഞാൻ നീലേശ്വരത്ത് നേഴ്സ് ആയി ജോലി നോക്കുന്നതിനാൽ അവിടെത്തന്നെയാണ് താമസിക്കുന്നത്. ഇന്നും ജീവിക്കുന്ന യേശു എന്റെ ജീവിതത്തിൽ ചെയ്ത വലിയ ഒരു കാര്യമാണ് ഞാനിവിടെ എഴുതുന്നത്. എനിക്ക് 2013-ലാണ് വയറിനകത്ത് ഒരു അസ്വസ്ഥത തോന്നുകയും ഹോസ്പിറ്റലിൽ കാണിക്കുകയും ചെയ്തത്. സ്കാൻ ചെയ്തപ്പോൾ ചെറിയ ഒരു ഫൈബ്രോയ്ഡ് ഉണ്ടെന്നും അത് സാരമുള്ളതല്ല എന്നും പറയുകയുണ്ടായി. കുറച്ചുനാൾ കുഴപ്പമില്ലാതെ പോകയും വീണ്ടും 2014-ൽ ഭയങ്കരമായ അസ്വസ്ഥതയുണ്ടാകുകയും ചെയ്തു. വീണ്ടും ഹോസ്പിറ്റലിൽ കാണിക്കുകയും ഡോക്ടർമാർ സ്കാൻ ചെയ്യുകയും ചെയ്തു. അപ്പോൾ അവർ പറഞ്ഞു ഇത് വലിയ ഒരു മുഴയാണെന്നും ഏകദേശം നാലു മാസം പ്രായമുള്ള ഒരു കുഞ്ഞിന്റെ വലിപ്പമുണ്ടെന്നും ഉടനെ ഓപ്പറേഷൻ ചെയ്യണമെന്നും അല്ലെങ്കിൽ ക്യാൻസർ ആകാൻ സാധ്യതയുണ്ടെന്നും പറഞ്ഞു. അങ്ങനെ ഓപ്പറേഷനുവേണ്ടി എന്നെ അവിടെ അഡ്മിറ്റാക്കി. എനിക്ക് ഷുഗറിന്റെ പ്രശ്നങ്ങളുമുണ്ടായിരുന്നതിനാൽ ഷുഗർ കൺട്രോൾ ആയതിനുശേഷം ഓപ്പറേഷൻ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഞാൻ ആത്മാഭിഷേകം പ്രാർത്ഥനാകൂട്ടായ്മയിൽ പോയിരുന്നതുകൊണ്ട് ഇന്നും ജീവിക്കുന്ന ഒരു ദൈവമുണ്ടെന്നും നമ്മുടെ ഏതു കാര്യത്തിനും അവൻ മതിയായവനനാണെന്നുമുള്ള ഒരു ഉത്തമ ബോധ്യം എനിക്കുണ്ടായിരുന്നു. ഞാൻ കർത്താവിൽ വിശ്വസിച്ചു. അങ്ങനെ ഞാൻ കൃപാവരങ്ങൾ ഉപയോഗിച്ചുള്ള പ്രാർത്ഥനയിൽ അനേകം മക്കളെ മാനസാന്തരത്തിലേക്കും കർത്താവിന്റെ അത്ഭുതവിടുതലിലേക്കും നയിക്കുന്ന ദേവസ്യാ മുല്ലക്കരസാറിനെ ഫോൺ വിളിക്കുകയും സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും അതിനുശേഷം കർത്താവ് കൊടുത്ത ബോധ്യത്താൽ എന്നോട് സൗഖ്യമായി എന്ന് പറയുകയും ഞാൻ അത് ഏറ്റെടുക്കുകയും ചെയ്തു. പിറ്റേന്ന് ഡോക്ടർമാർ വന്ന് എന്നെ സ്കാനിംഗിന് വിധേയമാക്കി. അപ്പോഴാണ് ദൈവം ചെയ്ത ആ വലിയ അത്ഭുതത്തെ മനസ്സിലായത്. ഡോക്ടേഴ്സ് പറഞ്ഞു ഫൈബ്രോയ്ഡ് വളരെ ചെറുതായിരിക്കുന്നു. ഇനി ഒരു ഓപ്പറേഷന്റെയും ആവശ്യമില്ല എന്ന്. ഞാൻ കർത്താവിൽ ഉറച്ചു വിശ്വസിച്ചു. ഇപ്പോൾ എനിക്ക് പൂർണ്ണസൗഖ്യം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്രമാത്രം എന്നെ അനുഗ്രഹിച്ച് മാനിച്ചുയർത്തിയ കർത്താവിനെ ഞാൻ എങ്ങനെ ആരാധിക്കാതിരിക്കും. എനിക്കു വേണ്ടി പ്രാർത്ഥിച്ച ദേവസ്യാ സാറിനെയും ടീമിനെയും കർത്താവ് ഇനിയുമിനിയും അനേകരെ രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടു വരുവാൻ ഉപയോഗിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9388371777, 9946635111

## സമയം: രാവിലെ 7 മുതൽ 9 വരെ

## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

**എറണാകുളം അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

**ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

e-mail: ekmoffice@gmail.com
our official website: www.churchofeternity.org

**Cheque And Drafts** ചെക്കുകളും ഡ്രാഫ്റ്റുകളും

**അയക്കേണ്ട വിലാസം:**

Devasia mullakkara
PB. No.1
Cherupuzha(P.O)
Kannur(Dist), Kerala
Pin Code: 670 511
Ph: 04985 213999

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.




മിസ്രേമ്യർ അതിനെതിരായി ഓടി. യഹോവ മിസ്രേമ്യരെ കടലിന്റെ നടുവിൽ തള്ളിയിട്ടു. വെള്ളം മടങ്ങിവന്ന് അവരുടെ പിന്നാലെ കടലിലേക്കു ചെന്നിരുന്ന രഥങ്ങളെയും കുതിരപ്പടയെയും ഫറവോന്റെ സൈന്യത്തെയുമെല്ലാം മുക്കിക്കളഞ്ഞു. അവരിലൊരുത്തൻ പോലും ശേഷിച്ചില്ല.

യിസ്രയേൽമക്കൾ കടലിനു നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നുപോയി; വെള്ളം അവരുടെ ഇടത്തും വലത്തുമായി മതിലായി നിന്നു. ഇങ്ങനെ യഹോവ ആ ദിവസം യിസ്രയേല്യരെ മിസ്രേമ്യരുടെ കയ്യിൽ നിന്നു രക്ഷിച്ചു; മിസ്രേമ്യർ കടൽക്കരയിൽ ചത്തടിഞ്ഞ് കിടക്കുന്നത് യിസ്രയേല്യർ കാണുകയും ചെയ്തു. യഹോവ മിസ്യേമ്യരോട് ചെയ്ത ഈ മഹാപ്രവൃത്തി യിസ്രയേല്യർ കണ്ടു. ജനം യഹോവയെ ഭയപ്പെട്ടു. യഹോവയിലും അവന്റെ ദാസനായ മോശെയിലും വിശ്വസിച്ചു" (പുറ.14:15-31).

മോശെ തന്റെ വടികൊണ്ട് നിരവധി അത്ഭുതങ്ങൾ ചെയ്തു. കാദേശിൽ വെച്ച് വടികൊണ്ട് പാറയെ രണ്ട് പ്രാവശ്യം അടിച്ചു. വെള്ളം പുറപ്പെട്ടു (സംഖ്യ.20:11). മറ്റൊരെണ്ണം വടികൊണ്ട് പാറയെ അടിച്ചപ്പോൾ വെള്ളം പുറപ്പെട്ടു (പുറ.17:6). വടി നിലത്തിട്ടപ്പോൾ സർപ്പമായതും (പുറ.4:3) വടി മന്ത്രവാദിയുടെ വടിയെ വിഴുങ്ങിയതും (പുറ.7:12) വടികൊണ്ട് വെള്ളത്തിൽ അടിച്ചപ്പോൾ വെള്ളം രക്തമായിത്തീർന്നതും (പുറ.7:20) വടി നദിക്കുമേൽ നീട്ടിയപ്പോൾ തവളകളുണ്ടായതും (പുറ.8:6), വടി നിലത്തടിച്ചപ്പോൾ പേൻ ശല്യമുണ്ടായതും (പുറ.8:17) വടി ആകാശത്തേക്ക് നീട്ടിയപ്പോൾ ഇടിയും കന്മഴയും ഉണ്ടായതും (പുറ.9:23) വടി ദേശത്തിൻമേൽ നീട്ടിയപ്പോൾ വെട്ടുക്കിളികൾ ഉണ്ടായതും, വടി ഉയർത്തിപ്പിടിച്ച് നിന്നപ്പോൾ അമലേക്യർ തോറ്റതും (പുറ.17:8-13) വടി ചെങ്കടലിൻമേൽ നീട്ടിയപ്പോൾ കടൽ രണ്ടായി വിഭജിക്കപ്പെട്ടതും (പുറ.14:16) ഇവയൊക്കെ അത്ഭുതങ്ങൾ തന്നെയാണല്ലോ.

## മന്ന


ക്രിസ്തുവിന്റെ നിഴലായ മന്നയും യഹോവ ചെയ്ത വലിയ പഴയനിയമ അത്ഭുതം തന്നെയായിരുന്നു. യിസ്രായേൽജനം യാത്ര പുറപ്പെടുമ്പോൾ കരുതിയ ഭക്ഷണം തീർന്നപ്പോൾ ദൈവം അവർക്ക് മന്ന ഭക്ഷണമായി കൊടുത്തു (പുറ.16:4, 14-18, 31). "ഞാൻ നിങ്ങൾക്ക് ആകാശത്തുനിന്ന് അപ്പം വർഷിപ്പിക്കും; ജനം എന്റെ ന്യായപ്രമാണം അനുസരിക്കുമോ ഇല്ലയോ എന്ന് ഞാനവരെ പരീക്ഷിക്കേണ്ടതിന് അവർ പുറപ്പെട്ട് ഓരോ ദിവസത്തേക്ക് വേണ്ടത് അന്നന്ന് പെറുക്കിക്കൊള്ളണം" (പുറ.16:4).

മന്ന യേശുക്രിസ്തുവിന് സദൃശമാണ്. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പമാണ് ഞാനെന്ന് യോഹ.6:35,41 എന്നീ തിരുവചനങ്ങളിലുണ്ടല്ലോ. യിസ്രയേൽമക്കളുടെ നാല്പത് വർഷത്തെ അത്ഭുതയാത്രയിൽ എന്നും അവർ സ്വർഗ്ഗത്തിൽനിന്നും പകർന്ന മന്ന തന്നെയാണ് ഭക്ഷിച്ചിരുന്നത് (പുറ.16:35). നാം യേശുവാകുന്ന ദൈവവചനം ഭക്ഷിച്ചാണ് ജീവിക്കേണ്ടത് (യോഹ.6:58,63).

## മാറായിലെ കയ്പ്

"അനന്തരം മോശെ യിസ്രയേലിനെ ചെങ്കടലിൽ നിന്ന് പ്രയാണം ചെയ്യിച്ചു. അവർ ശൂർ മരുഭൂമിയിൽ ചെന്നു. മൂന്നുദിവസം മരുഭൂമിയിൽ വെള്ളം കിട്ടാതെ സഞ്ചരിച്ചു. മാറയിലെത്തിയപ്പോൾ മാറയിലെ വെള്ളം കുടിപ്പാൻ അവർക്ക് കഴിഞ്ഞില്ല, അത് കയ്പുള്ളതായിരുന്നു. (അതുകൊണ്ട് അതിന് മാറാ എന്നു പേരിട്ടു). അപ്പോൾ ജനം ഞങ്ങൾ എന്ത് കുടിക്കും എന്ന് പറഞ്ഞ് മോശെയുടെ നേരെ പിറുപിറുത്തു. അവൻ യഹോവയോട് അപേക്ഷിച്ചു. യഹോവ അവന് ഒരു മരം കാണിച്ചുകൊടുത്തു. അവൻ അത് വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരമായിത്തീർന്നു........... പിന്നെ അവർ ഏലീമിൽ എത്തി; അവിടെ പന്ത്രണ്ട് നീരുറവും എഴുപത് ഈന്തപ്പനയും ഉണ്ടായിരുന്നു. അവർ അവിടെ വെള്ളത്തിനരികെ പാളയമിറങ്ങി" (പുറ.22-27). ആ മരം ക്രിസ്തുവിന്റെ നിഴലായി ബൈബിൾ പണ്ഡിതന്മാർ കരുതുന്നു.

ദൈവജനത്തെ വിശ്വാസത്തിലുറപ്പിക്കാനും വിശ്വസ്തതയിൽ കാത്തുസൂക്ഷിക്കുവാനുമായി പഴയനിയമകാലത്തും പുതിയനിയമകാലത്തും ഈ കൃപായുഗകാലത്തും അവിടുന്ന് അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുന്നു. അപ്പൊസ്തലന്മാരെക്കൊണ്ടും ദൈവം നിരവധി അത്ഭുതങ്ങൾ ചെയ്യിപ്പിച്ചു. ദേവാലയഗോപുരത്തിലെ മുടന്തന്റെ സൗഖ്യം അപ്പൊസ്തലപ്രവർത്തനങ്ങൾ 3-ാം അധ്യായത്തിൽ നാം കാണുന്നു. വ്യാജം പറഞ്ഞ അനന്യാസും സഫീറായും



## Fundamental Knowledge of True Theology - Chapter : 24

# ക്രിസ്തുശാസ്ത്രം ഭാഗം 2

## Christology Part-2

തൽക്ഷണം മരിച്ച സംഭവം അപ്പൊ.5–ാം അദ്ധ്യായത്തിൽ. ലുദ്ദയിൽ വെച്ച് ഐനയാസ് എന്ന തളർവാതരോഗിയെ പത്രൊസ് സൗഖ്യമാക്കിയത് അപ്പൊ.9–ാം അദ്ധ്യായത്തിൽ. ആ അദ്ധ്യായത്തിൽ തന്നെ മരിച്ചുപോയ തബീഥായെ പത്രൊസ് ഉയിർപ്പിക്കുന്നു. കൊർണെല്യൊസിന്റെ ഭവനക്കാർക്ക് പരിശുദ്ധാത്മാവിനെ കിട്ടിയ കാര്യം അപ്പൊ.10–ാം അദ്ധ്യായത്തിൽ. 19–ാം അദ്ധ്യായത്തിൽ 11,12 വചനങ്ങൾ കുറിക്കാം. “ദൈവം പൗലൊസ് മുഖാന്തരം അസാധാരണമായ വീര്യപ്രവൃത്തികളെ ചെയ്യിക്കയാൽ അവന്റെ മെയ്മേൽ നിന്ന് റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെട്ടുപോകയും ചെയ്തു.”ഇങ്ങനെ, അപ്പൊസ്തലന്മാരിലൂടെ അനേകം അത്ഭുതങ്ങളും അടയാളങ്ങളും നടന്നിട്ടുണ്ട്. ഇവയെല്ലാം ചെയ്യുന്നത് യേശുവാണ്, യേശുവിന്റെ നാമമാണ്, ആ നാമത്തിലുള്ള വിശ്വാസം മൂലമാണ്. ഇന്ന് അനേകം അഭിഷിക്തരിലൂടെ (പള്ളിയിലെ സാദാ അച്ചന്മാരും ബിഷപ്പുമാരും സാദാ കന്യാസ്ത്രീകളും മുഖേനയല്ല, അവരിൽ ചിലർ അപൂർവ്വ വരപ്രാപ്തരുണ്ട്) യും ദൈവം അത്ഭുതം പ്രവർത്തിക്കുന്നു. എന്നിലൂടെയും ഞാൻ പ്രതിനിധാനം ചെയ്യുന്ന സഭയിലൂടെയും അനുദിനം നൂറ്കണക്കിന് അത്ഭുതങ്ങൾ നടക്കുന്നു. കർണ്ണാടകത്തിൽ ബൈന്ദൂറിലുള്ള ഒരു മലങ്കരകത്തോലിക്കാ പള്ളിയിലെ മരിച്ചുപോയ ഒരു കുഞ്ഞിനെ, നാലുനാൾ അടക്കാതെ വയ്ക്കാൻ, ഞാൻ പറഞ്ഞു. ഞങ്ങൾ പ്രത്യേകമായി പ്രാർത്ഥിച്ചു. ദർശനത്തിൽ അങ്ങനെ കിട്ടിയതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. നാലാംനാൾ ശവമടക്കുംമുമ്പ് ശവപ്പെട്ടിയിൽ കുഞ്ഞനങ്ങി - പിന്നെ അടക്കിയില്ല, അവനിപ്പോൾ ഒരു സെമിനാരിയിൽ പഠിക്കുന്നു.

2. അവിടടുത്ത് ഖണ്ഡീബാഗിലെ ഒരു ഇടവകപ്പള്ളിയിൽ മുപ്പത് ദിവസം പ്രാർത്ഥിച്ചുകഴിഞ്ഞ് ഒന്നരതൂമ്പാ ആഴത്തിൽ കിളച്ചാൽ വിലകൂടിയ രത്നംപോലത്തെ കല്ലുകൾ കിട്ടുമെന്ന് പ്രവചനം പറഞ്ഞു. ലക്ഷക്കണക്കിന് രൂപയുടെ കല്ലുകൾ അവർക്ക് ലഭിച്ചു.

3. ചങ്ങനാശ്ശേരിക്കടുത്ത വെരൂർ പള്ളിയിലെ കൺവൻഷന് ഇരമ്പിപ്പെയ്ത അതിശക്തമായ മഴയെ വിശ്വാസത്തോടുകൂടിയ പ്രാർത്ഥനാസമയത്ത് കർത്താവ് പിടിച്ചുകെട്ടിയപോലെ നിർത്തി.

4. അതിശക്തമായ മഴമൂലം റോഡ് നിറഞ്ഞ്കവിഞ്ഞൊഴുകിയ വെള്ളം കാരണം കാർയാത്ര അസാധ്യമായപ്പോൾ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന കേട്ട ദൈവം ചെങ്കടൽ വറ്റിച്ച് യിസ്രായേൽജനത്തെ കൊണ്ടുപോയപോലെ, ഞാൻ സഞ്ചരിച്ച വാഹനം പോകാൻ കൃത്യം ആ വീതിയിൽ ജലത്തെ വകഞ്ഞ് മാറ്റിത്തന്നു.

5. അനേകം ക്യാൻസർ രോഗികളെയൊ തളർവാതരോഗികളെയൊ രോഗസൗഖ്യം കൊടുത്ത് ആയുസ്സ് വർദ്ധിപ്പിച്ച് കഴിഞ്ഞു.

6. ആയിരക്കണക്കിന് വന്ധ്യദമ്പതിമാർക്ക് കുഞ്ഞിനെ നൽകിക്കഴിഞ്ഞിരിക്കുന്നു.

7. നിരവധി ഊമന്മാരെയും മുടന്തന്മാരെയും രണ്ട് പൂർണ്ണ അന്ധന്മാരെയും യേശു, പ്രാർത്ഥനകേട്ട്, അനുഗ്രഹിച്ചു.

8. നിരവധി സോറിയായിസ് രോഗികളെ പ്രാർത്ഥനകേട്ട് അവിടുന്ന് സൗഖ്യം കൊടുത്തു.

ഇവയേക്കാൾ എത്രയോ മഹത്വമേറിയതാണ് ഇനി പറയുന്നത്.

9. ഒരു ലക്ഷത്തിൽപ്പരം പേർക്ക് വിശ്വാസവിശുദ്ധസ്നാനം കൊടുത്തു. മദ്യപാനം വിഗ്രഹാരാധനയുൾപ്പെടെ വിവിധ പാപാന്ധകാരത്തിൽ കിടന്ന ലക്ഷക്കണക്കിന് പുരുഷന്മാർക്കും സ്ത്രീകൾക്കും നിത്യതയെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന നൂറ്റമ്പതിലധികം വിശുദ്ധന്മാരായ പാസ്റ്റർമാരുടെ പ്രാർത്ഥനാ ജീവിത വലക്കണ്ണികളിൽ ഒരു കണ്ണിയാകുവാൻ സാധിച്ചു.

10. ചർച്ച് ഓഫ് ഇറ്റേണിറ്റി എന്ന ക്രിസ്തുവിന്റെ രണ്ടാംവരവിൽ എടുക്കപ്പെടുന്ന വിശുദ്ധസഭയിലെ ഒരംഗമാകുവാൻ കഴിഞ്ഞതിന്റെ പകിട്ടിനെ വർണ്ണിക്കുവാൻ വാക്കുകളില്ല. കാരണം കത്തോലിക്കാസഭയിലെ വചനവിരുദ്ധമായ ബഹുകൂദാശകളിലും ബഹുമദ്ധ്യസ്ഥന്മാരുടെയിടയിലും അത്രയേറെ, ബിഷപ്പുമാരുടെയും അച്ചന്മാരുടെയും കന്യാസ്ത്രീകളുടെയം കരിസ്മാറ്റിക് വചനപ്രഘോഷകരുടെയും ജപമാലഭ്രാന്തന്മാരുടെയും ഒക്കെ ഇടയിലായിരുന്നു ഞാനും.

(അടുത്തലക്കത്തിൽ തുടരും...)

# വാർത്തകൾ

## ചെങ്കടലിന്റെ അടിയിൽനിന്നു സൈനികരുടെ കൂടുതൽ വസ്തുക്കൾ ലഭിച്ചു, ബൈബിളും രക്ഷാകരദൗത്യവും പൂർണ്ണമായും ശരി.

ബൈബിളിൽ ദൈവത്തിന്റെ ജനമായ യിസ്രയേൽ വംശത്തെ രക്ഷപ്പെടുത്തിയ മഹാരക്ഷാകരദൗത്യസംഭവം ശരിയെന്ന് വീണ്ടും തെളിയിക്കുന്ന രേഖകൾ. ചെങ്കടലിന്റെ അടിയിൽനിന്നും സൈനികർ ഉപോഗിച്ചതായി കരുതുന്ന തേരുകളുടെ ചക്രങ്ങളും, ഇരുമ്പുകവചങ്ങൾ, തൊപ്പി എന്നിവയൊക്കെ ലഭിച്ചു. കടലിൽ മുങ്ങിപ്പോയ ഒരു സേനയുടെ പൂർണ്ണമായ രീതിയിലുള്ള അവശിഷ്ടങ്ങൾ പുറത്തുവരുമ്പോൾ ഇനി പൂർണ്ണമായും ലോകം ബൈബിളിലെ ആ സംഭവം വിശ്വസിക്കണം...... ആയത് മിത്തല്ല..... കഥയല്ല....... ചരിത്രമാണ്. ബൈബിളിൽ പറയുന്നത് ഒരു കാലഘട്ടത്തിലെ ലോകചരിത്രംതന്നെയാണ്. ദൈവത്തിന്റെ അടയാളങ്ങളും വാക്കുകളും അതിലുള്ളത് പൂർണ്ണമായും വിശ്വസിക്കാൻ ഈ തെളിവുകൾ മാത്രം മതി. കത്തോലിക്കർക്ക് മാത്രമല്ല ബൈബിൾ......... എല്ലാവർക്കും വേണ്ടിക്കൂടിയാണ്. ലോകജനത്തിനായിട്ടുള്ള ദൈവവചനമാണത്. അതിലെ സത്യങ്ങൾ ചരിത്രം ആയിരക്കണക്കിന് പരിശോധനകളിലൂടെ സത്യമെന്ന് ശാസ്ത്രീയമായി സാക്ഷ്യപ്പെടുത്തുമ്പോൾ ദൈവം അത്യുന്നതാണെന്നും അത്യുന്നതങ്ങളിൽ അവന് മഹത്വം എന്നും പറയും.

ലഭിച്ചിരിക്കുന്നത് തേരുകളുടെ ചക്രങ്ങൾ എന്നു കരുതുന്നു. ഇവ പൂർണ്ണമായി വൃത്താകൃതിയിലുള്ളതല്ല. കാലപ്പഴക്കത്തിലോ, കടൽക്ഷോഭത്തിലൊ വൃത്താകൃതി നഷ്ടപ്പെട്ടതാകാമെന്നു കരുതുന്നു. മുൻപ് ചെങ്കടലിന്റെ അടിയിൽനിന്നും തേരുകൾക്ക് സമാനമായ ഇരുമ്പ് അവശിഷ്ടങ്ങളും ആയുധത്തിന്റെ ഭാഗങ്ങളും ലഭിച്ചിരുന്നു. ആയത് വൻ വാർത്തയായിരുന്നു. ഈജിപ്തിൽ നരകയാതന അനുഭവിക്കുകയും കൊന്നൊടുക്കപ്പെടുകയും ചെയ്ത ജനത്തെ ദൈവം രക്ഷപ്പെടുത്തി പാലും തേനുമൊഴുകുന്ന യിസ്രയേൽദേശത്ത് കൊണ്ടുപോയി എന്നാണ് ബൈബിൾ പറയുന്നത്. ചെങ്കടലിന്റെ അടിയിൽ പുതഞ്ഞുപോയ സൈനികരുടെ അവശിഷ്ടം ലഭ്യമാകുമ്പോൾ ബൈബിളും ആ സംഭവും സത്യമെന്ന് ബൈബിൾ പണ്ഡിതർ പറയുന്നു. ഇത് പരിശോധിച്ച സമുദ്രഗവേഷകർ ഞെട്ടിപ്പോയി. ഒരു സൈന്യത്തിന്റെ അവശിഷ്ടവും അവിടെനിന് ലഭിക്കുന്നുണ്ടെങ്കിൽ അത് ലോകത്ത് നടന്ന ദൈവത്തിന്റെ മഹാത്ഭുതമാണെന്നും സാക്ഷ്യപ്പെടുത്തുന്നു. ഇതിൽനിന്ന് ബൈബിൾ തെറ്റല്ലെന്നും എഴുതപ്പെട്ടതെല്ലാം സത്യമാണെന്നുംകൂടി വ്യക്തമാക്കപ്പെടുന്നു.

ദൈവത്തിന്റെ സ്വന്തം ദേശമാണ് യിസ്രയേൽ. അതീവ ശക്തിയുള്ള യിസ്രയേൽഭരണകൂടം ലോകത്തെപ്പോലും വിറപ്പിക്കുന്നു. ഭൂപടത്തിൽ കടുകുമണിയോളം പോലും ഇല്ലാത്ത ഒരു ഭൂപ്രദേശം ലോകം മുഴുവൻ സ്വാധീനമായി നിൽക്കുന്നു. ആ ദേശത്ത് ഇന്നുയരുന്നത് യുദ്ധവും, ആയുധപ്പന്തയവുമാണ്............... എവിടെയുമെത്തും ദൈവപദ്ധതി....... കാത്തിരുന്നു കാണാം.

കടപ്പാട് : പ്രവാസിശബ്ദം

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | |
|---|---|
| ജൂൺ 17 | തൃപ്പൂണിത്തറ, കൺവെൻഷൻ, സീമാ ഓഡിറ്റോറിയം, 10 am-3 pm Ph:9947217398 |
| ജൂൺ 18 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം. ബാങ്ക്റോഡ്. Ph:9400784917,9645707908. 10 am-3 pm |
| ജൂൺ 19-22 | രോഗസൗഖ്യാനുഭവധ്യാനം പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം. Ph:04985 213999, 9947267701,9446988562 |
| ജൂൺ 24 | കൺവെൻഷൻ ഇരിട്ടി. M2H Hall,പഴഞ്ചേരിമുക്ക് Ph:9446262926 10 am-3 pm |
| ജൂൺ 25 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| ജൂൺ 26-30 | ബൈബിൾ സ്കൂൾ. പാലാ, വ്യാപാരഭവൻ. Ph:9744655214 10 am-3 pm |
| ജൂലൈ 1 | തൃശൂർ കൺവെൻഷൻ, ചേംബർ ഓഫ് കൊമേഴ്സ്ഹാൾ,പാലസ് റോഡ് Ph:9961854203 10 am-3 pm |
| ജൂലൈ 2 | എറണാകുളം കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. Ph:9388487301,10 am-3 pm |
| ജൂലൈ 8 | തിരുവല്ല. .ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148 10 am-3 pm |
| ജൂലൈ 9 | പാറശ്ശാല. കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാ കോട്ടേജ്, പുത്തൻകട റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm |
| | തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ Ph:9446718242 2.30 Pm-5.30 pm |
| ജൂലൈ 15 | തൃപ്പൂണിത്തറ, കൺവെൻഷൻ, സീമാ ഓഡിറ്റോറിയം, 10 am-3 pm Ph:9947217398 |
| ജൂലൈ 16 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം. ബാങ്ക്റോഡ്. Ph:9400784917,9645707908. 10 am-3 pm |
| ജൂലൈ 17-21 | കൃപാവരവളർച്ചാധ്യാനം (Harvesters & Evangelists)പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം Ph:04985 213999, 9947267701,9446988562 |
| ജൂലൈ 22 | കൺവെൻഷൻ, കണ്ണൂർ സോണൽ. Ph:04985 213999 10 am-3 pm |
| ജൂലൈ 23 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| ജൂലൈ 24-28 | തൊടുപുഴ, ബൈബിൾ സ്കൂൾ. Ph:9446379625, 9747499619 |

## പൊതുകൺവെൻഷനുകൾ

ഒന്നാം ഞായർ പാലാരിവട്ടം, രണ്ടാം ഞായർ തിരുവനന്തപുരം,
മൂന്നാം ഞായർ കോഴിക്കോട്, നാലാം ഞായർ ഏറ്റുമാനൂർ.
ഒന്നാം ശനി തൃശ്ശൂർ, രണ്ടാം ശനി തിരുവല്ല, മൂന്നാം ശനി തൃപ്പൂണിത്തുറ,
നാലാം ശനി കണ്ണൂർ സോണൽ

**എല്ലാ മാസവും ആദ്യത്തെ ആഴ്ച പുസ്തകരചനയും പ്രാർത്ഥനയും.**
**എല്ലാ മാസവും മൂന്നാം ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ വെള്ളി വരെ പുളിങ്ങോം ധ്യാനം.**
**എല്ലാ മാസവും നാലാമത്തെ ആഴ്ചയിൽ തിങ്കൾ മുതൽ വിവിധയിടങ്ങളിൽ സോണൽ ബൈബിൾ സ്കൂളുകൾ.**

ATHMABHISHEKAM MONTHLY
2017 JUNE
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.0

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th JUNE 2017

## ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ ഇടവകക്കാർക്കും അവരുടെ സ്നേഹസ്വാധീനത്താൽ വരുന്നവർക്കും വേണ്ടിയുള്ള ബൈബിൾ സ്കൂൾ – 2017

ജൂൺ 26 തിങ്കൾ-30 വെള്ളി, പാലാ,വ്യാപാരഭവൻ

**CONTACT: 9744655214**

**പൊതുജനത്തിനു വേണ്ടിയുള്ള രോഗസൗഖ്യാനുഭവധ്യാനം**
2017 ജൂൺ
19, 20, 21, 22
(തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം,)

**പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽവെച്ച്**

**ലീഡേഴ്സിനും ഹാർവെസ്റ്റേഴ്സിനും വേണ്ടിയുള്ള കൃപാവര വളർച്ചാധ്യാനം**
2017 ജൂലൈ
17,18,19,20,21
(തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി)

**9947267701, 9446988562, 04985213999**

2017 ജൂൺ 1 ന് പത്തനംതിട്ട ജില്ലയിൽ,
**തിരുവല്ല, ഷാരോൺ ഓഡിറ്റോറിയത്തിൽ വച്ച്**
ദേവസ്യാ മുല്ലക്കരസാറിനാൽ ആശിർവ്വദിക്കപ്പെട്ട വിവാഹത്തിന്...



**ആത്മാഭിഷേകം മീഡിയാ മിനിസ്ട്രിയുടേയും ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെയും പ്രാർത്ഥനാ മംഗളാശംസകൾ**

On Thursday 2017
JUNE 1st

SUNIL
**Church of Eternity**
**Thiruvalla**

BINDHU
**Church of Eternity**
**Palarivattom**

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).